Kandanad

Diocesan Bulletin

Vol. 12, No. 2, 15 February 2024

എഡിറ്റോറിയൽ

# ബൈബിൾ ജീവിതമാകട്ടെ

**ക്രൈ**സ്തവ വിശ്വാസികൾ വലിയനോമ്പിലേക്ക് പ്രവേശിക്കുന്ന ഈ ദിവസങ്ങൾ അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും അനുരഞ്ജനത്തിന്റെയും ദിനങ്ങളായിട്ടാണ് കരുതിപ്പോരുന്നത്. ഈയൊരു ലക്ഷ്യം മുൻനിർത്തി ഇടവകകൾ തോറും ബൈബിൾ കൺവൻഷൻ യോഗങ്ങളും ധ്യാനയോഗങ്ങളും സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് പൊതുവെ ഉദ്ദേശിക്കപ്പെടുന്നത് വി. വേദപുസ്തകം മുന്നോട്ടുവയ്ക്കുന്ന ആദ്ധ്യാത്മികതയും സാമൂഹ്യവിമർശനവും നവയുഗ സങ്കൽപവുമെല്ലാം ചർച്ച ചെയ്യുന്നതിനും അതിലേക്ക് സഭാസമൂഹത്തെ ഒരുക്കുന്നതിനും നവീകരിക്കപ്പെട്ട സഭാജീവിതത്തിനും വേണ്ടിയാണ്. ഈയൊരു തലത്തിൽ നിന്നുവേണം ഇതിനെ മനസ്സിലാക്കാൻ. എങ്കിൽ മാത്രമേ അർത്ഥപൂർണ്ണമായ ക്രിസ്തീയ ജീവിതം വിശ്വാസിക്ക് സാധ്യമാകുകയുള്ളൂ. അതായത് ക്രൈസ്തവ വചനപ്രഘോഷണത്തിന്റെ ആകെ തുക എന്നത് മനുഷ്യന്റെ ആന്തരിക നവീകരണം എന്നതുപോലെതന്നെ നവയുഗ ദൈവരാജ്യ സൃഷ്ടിയും ഉണ്ട് എന്നത് സഭകളും പ്രഘോഷകരും കാണാതിരുന്നുകൂടാ.

അത്യാവശ്യം പ്രസംഗപാഠവവും നല്ല സംസാരശേഷിയും ഉള്ള എല്ലാവർക്കും ഇന്ന് ക്രൈസ്തവ ലോകത്ത് വചനവേദികളുണ്ട്. വേദപുസ്തകത്തിൽ നിന്നുള്ള ഭാഗങ്ങൾ എടുത്ത് പ്രസംഗിക്കുമ്പോൾ പ്രസംഗകർ എല്ലാവരും അതിനെ അറിഞ്ഞോ അറിയാതെയോ വ്യാഖ്യാനിക്കുന്നുണ്ട് എന്ന കാര്യം പലപ്പോഴും ഗൗരവമായി എടുക്കാറില്ല. ഈയൊരു കാലഘട്ടത്തിൽ കൺവൻഷൻ പ്രസംഗകർ പൊതുവെ കുത്തിനിറച്ച കഥകളും ഉപകഥകളും അതിശയോക്തികലർന്ന പല വിവരണങ്ങൾകൊണ്ടും പ്രസംഗയോഗങ്ങളെ നിറയ്ക്കുകയാണ് പതിവ്. എടുത്തു വായിച്ച ബൈബിൾ പാഠത്തോട് യാതൊരു നീതിയും പുലർത്താതെ ആത്മകദനങ്ങളുടെയും സാമൂഹ്യബോധത്തിന്റെയും ആത്മീയതയെക്കുറിച്ച് അവർ മനസ്സിലാക്കിയതിന്റെയും വെറും പ്രചരണ വേദികളായി കൺവൻഷൻ പ്രസംഗങ്ങൾ മാറിപ്പോകുന്നു. വേദപുസ്തക സന്ദേശത്തിൽ നിന്ന് ഉത്ഭവിക്കുന്ന വിഷയത്തിന്റെ കാലികമായ വ്യാഖ്യാനം അവതരിപ്പിക്കാൻ പല പ്രസംഗകരും പരാജയപ്പെടുന്നു. തത്വജ്ഞാനികളുടെ ഈറ്റില്ലമായ ആഥൻസിൽ വി. പൗലോസ് അവർക്ക് വെല്ലുവിളി ഉയർത്തുന്നുണ്ട്. വി. പൗലോസിനെ അരയോപകക്കുന്നിൽ കൊണ്ടുചെന്നു നിർത്തിക്കൊണ്ട് അവർ പറയുന്നു; 'നീ ചില അപൂർവ്വങ്ങളെ ഞങ്ങളുടെ ചെവിയിൽ കടത്തുന്നുവല്ലോ' (അ. പ്ര. 17:20) എന്ന്. ഇത് സൂചിപ്പിക്കുന്നത് അതുവരെയും അവർ കേൾക്കാത്തതാണ് അവരുടെ മുമ്പിൽ പൗലോസ് അവതരിപ്പിക്കുന്നത് എന്ന് വ്യക്തം. ഇത് സുവിശേഷത്തിന്റെ നവീനതയുടെയും പുതിയ കേൾവിയുടെയും നല്ല ഉദാഹരണമാണ്. ഇന്നത്തെ പ്രസംഗവേദികൾ പുതിയ കേൾവികളെ സമ്മാനിക്കാതിരിക്കുന്നതിനുള്ള കാരണം ബൈബിൾ എന്താണെന്നും അതിന്റെ വ്യാഖ്യാനം എങ്ങനെ സാധ്യമാക്കാം എന്നും പല പ്രസംഗകർക്കും അജ്ഞാതമായതുകൊണ്ടാണ്.

ബൈബിൾ എന്ന വിപുലമായ ഗ്രന്ഥസമുച്ചയം എങ്ങനെ രൂപപ്പെട്ടു എന്നത് വളരെ വിപുലമായ ഒരു പഠന വിഷയമാണ്. ഇത് എഴുതപ്പെട്ടതാണ് എന്നും അക്ഷരങ്ങളിലൂടെയാണ് അത് സംവദിക്കുന്നത് എന്നും കാണുമ്പോൾ അത് മനുഷ്യരാലും മനുഷ്യസമൂഹങ്ങളാലും (communities) വിവിധ ചരിത്ര കാലഘട്ടങ്ങളിൽ എഴുതിയതും സംരക്ഷിച്ചതും ആണ് എന്നതിൽ രണ്ട് പക്ഷത്തിന്റെ ആവശ്യമില്ല. ചരിത്രത്തിൽ ഇടപെട്ട ദൈവവും ദൈവത്താൽ ഉപയോഗി

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ബൈബിൾ ജീവിതമാകട്ടെ ......................... 1**

**തിരുവെഴുത്തുകൾ:**
**സഭയുടെ ആധികാരിക പാരമ്പര്യം-12 ...... 3**
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പോക്സോ കേസുകളുടെ**
**കേദാരമായി മാറുന്ന -നവകേരളം- ........... 7**
ഡോ. എം. പി. മത്തായി

**വന്നു, കണ്ടു, കീഴടങ്ങി............................. 9**
ഫാ. സിബി മാത്യു വർഗീസ്

**കീഴാളതയും പ്രതിനിധാനത്തിന്റെ**
**പ്രശ്നങ്ങളും സ്പിവാക്കിന്റെ ചിന്തകളിൽ .. 11**
ഡോ. വൈ. റ്റി. വിനയരാജ

**വേദപുസ്തകം ഒരു പുനർവായന-6.... ... 14**
ജിജി ജോൺസൺ

ക്കപ്പെട്ട മനുഷ്യരും അവരുടെ ജീവിതാനുഭവങ്ങളും സംഭവങ്ങളും സംവാദങ്ങളും ഒന്നുചേരുന്നതാണ് നമ്മുടെ കയ്യിലിരിക്കുന്ന ബൈബിൾ. ഒരു വിശ്വാസിയെ സംബന്ധിച്ച് ദൈവം ഇന്നും ചരിത്രത്തിൽ ഇടപെട്ടുകൊണ്ടാണ് ഇരിക്കുന്നത്. അത് കൂടുതൽ തെളിവോടെ മനസ്സിലാകാനാണ് നാം ഇന്ന് ബൈബിൾ വായിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും. ദൈവനിശ്വസിതമാണ് ബൈബിൾ എന്ന് ഒറ്റവാക്കിൽ പറഞ്ഞാൽ അതിന്റെ രചനയിലെ ദൈവ മനുഷ്യ ബാന്ധവത്തിന്റെ നിരസ്സിക്കലാകും. ബൈബിളിലെ ദൈവഹിതം തിരിച്ചറിയാൻ വ്യാഖ്യാനം നമുക്കാവശ്യമായി വരുന്നത് അതു മനുഷ്യരാൽ വിരജിതമായതുകൊണ്ടാണല്ലോ.

ബൈബിൾ വ്യാഖ്യാന ശാസ്ത്രം (Biblical Hermeneutics) എന്ന വിപുലമായ പഠനശാഖ ഇന്ന് ക്രൈസ്തവ വേദശാസ്ത്ര പഠനലോകത്തെ സജീവ പഠനവിഷയമാണ്. ആദിമ സഭാപിതാക്കന്മാരുടെ കൃതികൾ മുതൽ ഇതിന്റെ അടിസ്ഥാന പാഠങ്ങളെ നമുക്ക് കാണാൻ സാധിക്കും. ആധുനിക പഠന രംഗങ്ങളിൽ സുഗമമായ ബൈബിൾ വ്യാഖ്യാനം സാധ്യമാകാൻ ആദിമ ക്രൈസ്തവ ചരിത്രത്തെ പുനർസൃഷ്ടിക്കേണ്ടതുണ്ട് എന്ന നിലയിലുള്ള ചിന്തയും ഇന്ന് സജീവമാണ്. പ്രത്യേകിച്ച് സ്ത്രീപക്ഷ വ്യാഖ്യാന ശാസ്ത്രമാണ് ഈയൊരു നിലപാട് ശക്തമായി മുന്നോട്ടുവയ്ക്കുന്നത്. പാഠത്തിന്റെ ജീവിതപരിസരം (life setting of a text) ബൈബിളിന്റെ ചരിത്രപരമായ വിമർശനപഠനത്തെ ഗൗരവമായി സ്വാധീനിക്കുന്നു എന്ന് വിലയിരുത്തപ്പെടുന്നു. അതിലുപരിയായി സാമൂഹ്യ-മത-ചരിത്ര പശ്ചാത്തലവും വ്യാഖ്യാനശാസ്ത്രത്തിന്റെ പ്രധാന പരിഗണന വിഷയമായി ഇന്ന് മാറിക്കഴിഞ്ഞു. ആധുനിക-ഉത്തരാധുനിക വ്യാഖ്യാന രീതികളും പുതിയ തലങ്ങളിൽ വ്യാഖ്യാനത്തെ കാണാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്.

നമ്മുടെ പ്രഘോഷണ വേദികൾ ബൈബിളിനെ ഗൗരവമായി കാണുന്നതും അതിലെ വചനങ്ങളോട് നീതി പുലർത്തുന്നതുമാകേണ്ടത് കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്ന പ്രധാന കാര്യമാണ്. അതോടൊപ്പം ബൈബിൾ, പഠനം ആവശ്യപ്പെടുന്നുണ്ട് എന്ന കാര്യത്തോടും നമുക്ക് മുഖം തിരിക്കാനാവില്ല. ഭക്തരുടെ സാധാരണ വായനയിൽ പ്പോലും അതിലെ സന്ദേശം അവർക്ക് തിരിച്ചറിയാൻ കഴിയും. അതായത് ബൈബിൾ വചനങ്ങൾ സ്വന്തം ജീവിതാനുഭവങ്ങളായി അവർ കണ്ടെത്തും. പ്രഘോഷണവേദികൾ കേൾവിക്ക് പ്രാമുഖ്യം കൊടുക്കുമ്പോൾ വാസ്തവത്തിൽ ബൈബിൾ നമ്മെ വായനയിലേക്കും മനനത്തിലേക്കും ക്ഷണിക്കുന്നു. ആധുനിക വ്യാഖ്യാനശാസ്ത്രം പറഞ്ഞുവയ്ക്കുന്നത് ഏത് ഗ്രന്ഥത്തിന്റെയും രചയിതാവിന് അതിൽ തന്റേതായ അർത്ഥങ്ങൾ കൽപിക്കാം എന്നതാണ്. അത് ചിലപ്പോൾ വായനക്കാരെ സ്വാധീനിക്കുകയും ചെയ്യാം. എന്നാൽ ആത്യന്തികമായി അർത്ഥകൽപന അത് വായനക്കാരന്റെ മാത്രമാണ്. (Rolend Barthes:The Death of the author) അതായത് ആധുനിക ലോകത്ത് നമ്മുടെ ദൗത്യം കേൾവിയുടെ ലോകത്തേക്ക് ചുരുങ്ങുകയല്ല, ബൈബിൾ വായനയിലൂടെ ദൈവാനുഭവത്തിന്റെ തുടരനുഭവം ആവുകയാണ് വേണ്ടത്. അതാണ് യഥാർത്ഥത്തിൽ വചനം ജഡം ധരിക്കുന്ന അനുഭവം.

***ചീഫ് എഡിറ്റർ***

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-12

പഴയനിയമ വെളിപാടും അവിടെ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്ന ദൈവിക ഇടപെടലുകളുടെ വിവരണവും നിയമസംഹിതകളും ബലികളും പുതിയ നിയമം വിഭാവനം ചെയ്യുന്ന സദാചാര ചിന്തകൾക്കു വിരുദ്ധമാണ് എന്നതാണ് പഴയനിയമത്തിന്റെ തിരസ്കരണത്തിന് ആധാരമായി ഉന്നയിക്കപ്പെടുന്ന ഒരു പ്രധാന വാദം. പ്രഥമശ്രവണത്തിൽ ഇതിൽ കഴമ്പുണ്ടെന്നു തോന്നാവുന്നതാണ്. അതുകൊണ്ട് ഈ വാദം എത്രമാത്രം സാധുവാണ് എന്നതിന് പഠനം ആവശ്യമാണ്. പഴയനിയമത്തിലെ ധർമ്മവിചാരം എന്നതു സംബന്ധിച്ചുള്ള അന്വേഷണത്തിലേയ്ക്കു കടക്കുകയാണ്.

എന്നാൽ ഈ പഠനത്തിന് പ്രാരംഭമായി ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. പഴയനിയമത്തിന്റെ ധാർമ്മികത വെളിപ്പെടുന്ന ഒരു പ്രധാന ഭാഗം പഴയനിയമത്തിലെ നിയമസംഹിത (തോറ) യാണ്. അതിൽ നീതി, ധാർമ്മികത എന്നിവ എങ്ങനെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് അന്വേഷിക്കണം. അവിടെ ഭരണപരം, മതപരം എന്നീ നിലയിലുള്ള വേർപിരിവുകൾ ഇല്ല. പത്തു കല്പനകളോടൊപ്പം സിവിൽ-ക്രിമിനൽ കുറ്റങ്ങളെ പറ്റിയും അവയ്ക്കുള്ള ശിക്ഷാ-പരിഹാര നിയമ (punishment and restorative laws) ങ്ങളെ പറ്റിയും പറയുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് പലപ്പോഴും പഴയനിയമ ധാർമ്മികത വിചാരണ ചെയ്യപ്പെടുന്നത്. പഴയനിയമ നിയമങ്ങൾക്ക് ഒരു സമഗ്ര-ഉദ്ഗ്രഥിത ഭാവമാണുള്ളത്. കാരണം ഇസ്രായേൽ ഒരു വിശ്വാസിസമൂഹം മാത്രമല്ല; അത് ഒരു രാഷ്ട്രം (nation) കൂടിയായിരുന്നു. ആ സാഹചര്യത്തിൽ മതനിയമങ്ങൾക്കൊപ്പം (ഉദാ. പത്തു കല്പനകൾ) സിവിൽ-ക്രിമിനൽ-സാമൂഹ്യ നിയമങ്ങൾ കൂടി ചേർന്നുവരേണ്ടതുണ്ട്. ഇസ്രായേലിന്റെ സിവിൽ-ക്രിമിനൽ നിയമങ്ങൾ അതിന്റെ തന്നെ മതനിയമങ്ങളുമായി ചേർന്നു നിലനിൽക്കുന്നു. ഒരു രാഷ്ട്രം എന്ന നിലയിൽ മതനിയമങ്ങളുടെയും ശാസനകളുടെയും അടിസ്ഥാനത്തിൽ മാത്രം ഒരു സമൂഹത്തിനു നിലനിൽക്കാനാവില്ല. അതായത് സമൂഹത്തിൽ ക്രമസമാധാനവും നീതിപൂർവ്വമായ സാഹചര്യവും നിലനിൽക്കണമെങ്കിൽ അതിനു വേണ്ട നിയമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ സിവിൽ-ക്രിമിനൽ-സാമൂഹ്യ നിയമങ്ങളും അവ വഴി നിർവഹിക്കപ്പെടുവാനുള്ള ക്രമീകരണങ്ങളും അവ ലംഘിക്കപ്പെടുമ്പോൾ ഉണ്ടാകേണ്ട ശിക്ഷാ-പരിഹാര മാർഗ്ഗങ്ങളും എബ്രായ വേദപുസ്തകത്തിൽ സ്വാഭാവികമായി വന്നുചേരുന്നു. അതുകൊണ്ട് ക്രിമിനൽ കുറ്റങ്ങൾക്കുള്ള ശിക്ഷയും സിവിൽ നിയമലംഘനങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങളുമെല്ലാം പഴയനിയമത്തിലെ നിയമപുസ്തകത്തിൽ സ്ഥാനം പിടിച്ചു.

ഓരോ തരം നിയമവും അതു ലംഘിക്കപ്പെടുമ്പോഴുള്ള ശിക്ഷകളും പഴയനിയമത്തിലെ നിയമപുസ്തകങ്ങളിൽ കണ്ടെത്താവുന്നതാണ്. കൊലപാതകം, വ്യഭിചാരം, വിഗ്രഹ-പരദൈവാരാധന എന്നിവയെല്ലാം ഗൗരവമായ കുറ്റകൃത്യങ്ങളായി പരിഗണിക്കപ്പെടുന്നു. അവ തടയുന്നതിനായി അതു ചെയ്യുന്നവരെ സ്ഥിരമായി സമൂഹത്തിൽ നിന്നും വിച്ഛേദിച്ചു കളയുന്നു (സംഖ്യ. 15:30, 31; ആവ. 22:21, 27; 14:12; 13:8). യഹോവായിതര ആരാധനാ കേന്ദ്രങ്ങൾ, പൂജകൾ, പൂജാ വസ്തുക്കൾ, വിഗ്രഹങ്ങൾ തുടങ്ങിയവ നിയമവിരുദ്ധമാണ് (ആവ. 7:25; 12:3). സമൂഹത്തിൽ ആർക്കെങ്കിലും നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ ആനുപാതികമായ പരിഹാരം നടത്തണം (പുറ. 22:1-4; ആവ. 19:21). സാമൂഹ്യനീതി പാലിക്കപ്പെടുന്നതിനായി ജൂബിലി വർഷങ്ങൾ നിലനിർത്തിയിരുന്നു. നിയമപരമായ വ്യവസ്ഥാപിത സംവിധാനത്തിൽ ഏതെങ്കിലും പഴുതുകളിലൂടെ ഒരുവന്റെ വസ്തുവകകൾ അപരന്റെ കൈവശം എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ അവ ജൂബിലി വർഷം നഷ്ടപ്പെട്ടവനു തിരികെ നൽകണം (ലേവ്യ. 25: 8-13). ഇവയെല്ലാം സമൂഹത്തിൽ ക്രമസമാധാനവും നീതിപൂർവ്വമായ സമാധാനവും നിലനിർത്തുന്നതിനായി ഉദ്ദേശിച്ചു രൂപപ്പെടുത്തിയ നിയമങ്ങളാണ്. ഇവിടെ നിയമങ്ങളും ദൈവത്തിന്റെ ഇടപെടലുകളും നീതി, സമാധാനം എന്നിവ ഭഞ്ജിക്കുന്ന ശക്തികളെ (disorder/chaos) പ്രതിരോധിച്ച് സമൂഹത്തിൽ നീതിയുടെ പുനഃസ്ഥാപനം, നിലനിൽപ്പ്, വീണ്ടെടുപ്പ് എന്നിവ ലക്ഷ്യമിടുന്നവയാണ്. അതുകൊണ്ട് സൃഷ്ടിയിൽ നിലനിൽക്കേണ്ട നീതിയധിഷ്ഠിത സമാധാനം (ഷാലോം) ആണ് പ്രമേയം. ഇവിടെ സമാധാനം എന്നത് നിയ

മാധിപത്യത്തിലൂടെ സ്ഥാപിതമാകുന്ന എതിർപ്പുകൾ ഇല്ലാത്ത നിശബ്ദതയല്ല പ്രത്യുത ദൈവികനീതിയുടെ പാലനത്തിലൂടെ സമൂഹം നേടിയെടുക്കുന്ന സമൃദ്ധി, സ്വാതന്ത്ര്യം, അനുരഞ്ജനം എന്നിവയുടെ പൂർണ്ണതയിലുള്ള അനുഭവമായാണ് വ്യവഹരിക്കപ്പെടുന്നത്. അത്തരം ഒരു നീതി-അനുരഞ്ജിത സമൂഹത്തിന്റെ രൂപപ്പെടൽ ആണ് പഴയനിയമ നീതിസങ്കല്പം വിഭാവനം ചെയ്യുന്നത്. അരാജകത്വം, അക്രമം, ജീർണ്ണത എന്നിവ നിയന്ത്രിച്ച് സമൂഹത്തെ നീതിയിൽ അധിഷ്ഠിതമായ സമാധാനത്തിൽ എത്തിക്കുന്നതിനുള്ളതാണ് പഴയനിയമ നൈതിക പ്രമാണങ്ങൾ.

അതുകൊണ്ട് പഴയനിയമ പ്രമാണങ്ങളുടെ പേരിൽ അതിനെ വിമർശിക്കുന്നവർ ഇതിന്റെ പശ്ചാത്തലം മനസ്സിലാക്കിയാൽ ഉന്നയിച്ച ആരോപണത്തിന് പരിഹാരമാവുന്നതാണ്. ക്രിസ്തീയ സഭയെ ദൈവരാജ്യം (Kingdom of God) എന്ന പരിപ്രേക്ഷ്യത്തിലാണ് കർത്താവ് അവതരിപ്പിക്കുന്നതെങ്കിലും അത് ഐഹികമല്ല എന്ന് ക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ. 18:36). അതുകൊണ്ട് സിവിൽ-ക്രിമിനൽ നിയമങ്ങളും അവയുടെ നിർവഹണത്തിനുള്ള അധികാരഘടനയും സഭയ്ക്ക് അന്യമായിട്ടാണ് ക്രിസ്തു വിഭാവനം ചെയ്തത്. പിൽക്കാലത്ത് കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുവിശ്വാസിയായതോടെ സഭയും രാഷ്ട്രവും ചേർന്നു പ്രവർത്തിച്ചിരുന്ന പഴയനിയമ രീതിയിലായി. കേസറിയായിലെ യൗസേബിയോസിനെ പോലുള്ള പിതാക്കന്മാർ ആ സംവിധാനത്തെ ആശയവത്കരിക്കുക കൂടി ചെയ്തതോടെ അതു പഴയനിയമ സമാനമായ ഭരണക്രമമായി മാറി. അതുകൊണ്ട് പഴയനിയമത്തിലെ നിയമപുസ്തകങ്ങളിൽ കാണുന്ന ഭരണനിയമങ്ങളുടെ പേരിൽ പഴയനിയമ ധാർമ്മികതയെ വിമർശിക്കുന്നതിൽ അപാകതയുണ്ട്.

അതുപോലെ ഇസ്രായേൽ രാഷ്ട്രത്തിൽ ആധുനിക ജനാധിപത്യ രാജ്യങ്ങളിലേതുപോലെ legislature, executive, judiciary എന്നീ തരത്തിൽ ഭരണസംവിധാനത്തിനു വേർതിരിവും വികേന്ദ്രീകൃത രൂപവും ഉണ്ടായിരുന്നില്ല. അത് എല്ലാ അർത്ഥത്തിലും ഒരു ദൈവ രാഷ്ട്രം (theocratic nation) എന്ന നിലയിൽ ആയിരുന്നു. നീതിയുടെ അടിസ്ഥാനം നിയമം ആയിരുന്നു. നിയമങ്ങളാകട്ടേ ദൈവദാനവും ആയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ നീതി നിർവഹിക്കപ്പെടുന്നു. അതുകൊണ്ട് ഭരണസംവിധാനത്തിൽ വിഭജനവും ഏകോപനവും ഒന്നും ആവശ്യം വരുന്നില്ല. പഴയനിയമത്തിലെ ന്യായാധിപന്മാർ (Shoftim) എന്ന് വിളിക്കപ്പെട്ടവർ വാസ്തവത്തിൽ ന്യായം വിധിക്കുന്നവർ ആയിരുന്നില്ല. അവർ ഭരണാധികാരികളും യുദ്ധത്തിൽ ജനത്തെ നയിക്കുന്നവരുമായിരുന്നു. പഴയനിയമത്തിലെ 'ന്യായാധിപന്മാർ' എന്ന ഗ്രന്ഥം അതിനു സാക്ഷിയാണ്. അതുപോലെ നിയമത്തിന്റെയടിസ്ഥാനത്തിൽ സമൂഹം തന്നെ ശിക്ഷകൾ നടത്തിവന്നിരുന്നു. ഉദാഹരണമായി സ്തേഫാനോസിനെ വധിച്ചതു ജനക്കൂട്ടമാണ്. പാപിനിയെ വധിക്കുവാനായി ക്രിസ്തുവിന്റെയടുക്കൽ കൂടിയ ജനം മറ്റൊരു ഉദാഹരണം. നിയമമായിരുന്നു ശിക്ഷയുടെ മാനദണ്ഡം. അതിന്റെയടിസ്ഥാനത്തിലാണ് ശിക്ഷ നടപ്പിലാക്കിയിരുന്നത്. വിധി പ്രഖ്യാപിക്കുന്നതും നടപ്പിലാക്കുന്നതും ആരുമാകാം.

ആയതിനാൽ ഇന്നത്തെ സെക്കുലർ-ജനാധിപത്യ വ്യവസ്ഥിതിയുമായി ഒരു താരതമ്യപഠനത്തിന് പരിമിതിയുണ്ട്. ന്യായപാലകർക്കായിരുന്നില്ല പ്രാധാന്യം. ന്യായപ്രമാണത്തിനും ന്യായപാലനത്തിനുമായിരുന്നു. ആധുനിക സമൂഹത്തിന്റെ നീതിസങ്കല്പം രൂപം കൊണ്ടത് റോമൻ നിയമ സംവിധാനത്തിൽ നിന്നാണ്. എന്നാൽ അത് ഇന്നത്തെ നിലയിലേയ്ക്കു വികസിച്ചത് യൂറോപ്പിൽ രൂപപ്പെട്ട പ്രബുദ്ധത (Enlightenment) യുടെ സ്വാധീനത്തിലാണ്. ഫ്രഞ്ചുവിപ്ലവത്തിലേയ്ക്കു നയിച്ച തുല്യത, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ ആശയങ്ങൾ സിവിൽ-മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ, വ്യക്തി-പൗര സ്വാതന്ത്ര്യങ്ങൾ എല്ലാം ആധുനിക കാലത്തിന്റെ സംഭാവനകൾ ആണ്. അവയുടെയടിസ്ഥാനത്തിൽ പഴയനിയമ നിയമങ്ങളെ വിലയിരുത്താനാവില്ല. മനുഷ്യചരിത്രത്തിലെ ഏതെങ്കിലും കാലഘട്ടത്തിലെ മൂല്യവ്യവസ്ഥകൾ മാനദണ്ഡങ്ങ (norms) ളാക്കി അവയെ ആത്യന്തികവത്കരിച്ച് (absolutize) മറ്റൊരു കാലത്തെ നിയമങ്ങളെ മൂല്യനിർണ്ണയം ചെയ്യുന്നതിൽ അപാകതയുണ്ട്. മനുഷ്യന്റെ ധാർമ്മികത, മൂല്യബോധം, കാഴ്ചപ്പാടുകൾ, യുക്തി ഇവയെല്ലാം പരിവർത്തനവിധേയമാണ്. കൂടാതെ പഴയനിയമ പ്രമാണങ്ങൾ ദൈവദത്തമാണ്. പ്രബുദ്ധതയുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ ദൈവിക നിയമങ്ങളെ എങ്ങനെ മൂല്യനിർണ്ണയം ചെയ്യാനാകും.

ഐക്യരാഷ്ട്ര സംഘടനയുടെ രൂപപ്പെടലോടെ 1948 ൽ Universal Declaration of Human right പാസ്സായി. അവിടെ മനുഷ്യന്റെ അവകാശ സ്വാതന്ത്ര്യങ്ങൾ നിയമപരമായി പ്രഖ്യാപിക്കപ്പെട്ടു. ഈ പ്രഖ്യാപനത്തിന്റെ ഉള്ളടക്കത്തിൽ നിശ്ചയമായും ധാർമ്മികതയുടെ ഒരു അംശമുണ്ട്. എന്നാൽ അവിടെ ധാർമ്മികത എന്നത് വെറും നിയമാധിഷ്ഠിതമായ ഒന്നായിത്തീർന്നു. വ്യക്തിയുടെയും

സമൂഹത്തിന്റെയും അവകാശ സ്വാതന്ത്ര്യങ്ങൾ നിയമപരമാകുമ്പോഴും അവയെല്ലാം ധാർമ്മികമാകണം എന്നില്ല. കാരണം അവിടെയും പ്രകടമാകുന്നത് റോമൻ നീതിയാണ്. ന്യായവിചാരണ സ്ഥാപനത്തിലെ കണ്ണുമൂടിക്കെട്ടിയ സ്ത്രീ പ്രതിമ പ്രതിനിധാനം ചെയ്യുന്നത് തുല്യ നീതിയാണ്. തുല്യതയില്ലാത്ത സമൂഹത്തിൽ തുല്യ നീതി ധനികനും കരുത്തനും അനുകൂലമാണ്. എന്നാൽ പഴയനിയമ നീതി മനുഷ്യന്റെ അവകാശ സ്വാതന്ത്ര്യങ്ങളുടെ സ്ഥാപനത്തിനുപരി സമൂഹത്തിൽ ദുർബലർക്ക് ന്യായം ഉറപ്പിക്കുകയും അനുരഞ്ജനം സാദ്ധ്യമാക്കുകയുമാണ്. ആധുനിക സമൂഹത്തിൽ നിയമനിർമ്മിതിയെ നിയന്ത്രിക്കുന്നത് നിലവിലിരിക്കുന്ന സംസ്കാരം (culture) ആണ്. ധർമ്മവിചാരമാണ് എന്നു പറയാനാവില്ല. മനുഷ്യന്റെ സംസ്കാരത്തിനും പ്രബുദ്ധതയ്ക്കും അനുസൃതമായ നീതി ചിന്തയുടെ രൂപപ്പെടലും വികാസവുമാണ് അവിടെ നടക്കുന്നത്. എന്നാൽ വെളിപാടിൽ അധിഷ്ഠിതമായ ധർമ്മവിചാരത്തിന് പരിണാമസ്വഭാവം (evolutionary nature) ഉണ്ടെങ്കിലും അവ ചരിത്ര നിബന്ധിതവും (historically conditioned) സംസ്കാരനുരൂപവും (culturally bound) ആണെന്ന് പറയാനാവില്ല. പഴയനിയമ ധാർമ്മികത ചരിത്രത്തിനും സംസ്കാരത്തിനും വെല്ലുവിളി (challenge) ഉയർത്തുന്നതാണ് എന്നു കാണേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആധുനിക സെക്കുലർ വീക്ഷണം ദൈവിക ധർമ്മവിചാരണ വിലയിരുത്താനുള്ള മാനദണ്ഡമായിക്കൂടാ.

ഉത്തരാധുനികതയുടെ കാലത്ത് അതിനു പിമ്പുള്ള സകല മൂല്യഘടനയെയും വിചാരണ ചെയ്യുകയായിരുന്നു. എന്തിന് നിയമരംഗത്തുപോലും ഈ വ്യതിയാനം പ്രകടമാണ്. സ്വവർഗ്ഗരതി, ഹ്രസ്വകാല വിവാഹം, വിവാഹ രഹിത കൂട്ടുജീവിതം എന്നിവയെല്ലാം നിയമപ്രാബല്യം നേടി വരുന്നു. മാറിവരുന്ന നീതി-സദാചാര ധാരണകളും മാനദണ്ഡങ്ങളും അടിസ്ഥാനപ്പെടുത്തി ഗതകാല ധാർമ്മികതയെയും നിയമങ്ങളെയും വിലയിരുത്തുന്നതിനു പരിമിതിയുണ്ട്. അതുപോലെ പഴയനിയമത്തിലെ ദൈവിക ശാസനകൾ, ഇടപെടലുകൾ എന്നിവയുടെ മൂല്യം, സാധുത എന്നിവയെ അവമതിച്ചുകൊണ്ട് ക്രിസ്തുവിൽ നിന്നും പ്രതികരണം ഉണ്ടായതായി സുവിശേഷങ്ങളിൽ സൂചനകളില്ല. പഴയനിയമത്തിലെ സദാചാര-നിയമസംഹിതകളെ പുതിയനിയമം നിരാകരിക്കുന്നില്ല. വാസ്തവത്തിൽ അവയെ വിപ്ലവകരിക്കുക (radicalize) യാണുണ്ടായത്. ന്യായപ്രമാണത്തിന്റെ പരിവർത്തിത രൂപമാണ് സുവിശേഷത്തിലെ ധാർമ്മിക പ്രമാണങ്ങൾ. അവിടെ ധാർമ്മിക പരിവർത്തനവും പരിണാമവും സംഭവിക്കുന്നു. എങ്കിലും, അവിടെ ധ്രുവീകരണവും വൈരുദ്ധ്യവും ഇല്ല പ്രത്യുത വെളിപാടിന്റെ തോതനുസരിച്ചുള്ള ആന്തരിക പരിണാമമാണ് ഉള്ളത്. എന്നാൽ സുവിശേഷം അവയുടെ സാക്ഷാത്കാരവും പൂർത്തീകരണവും ആയിട്ടാണ് കാണുന്നത് (മത്താ. അധ്യാ. 5&6). സുവിശേഷവും തോറയും വിരുദ്ധ ധ്രുവങ്ങളായി ക്രിസ്തു പരിഗണിക്കുന്നില്ല. ഈ കാര്യങ്ങളെല്ലാം പഴയനിയമ ധാർമ്മികതയെ സംബന്ധിച്ച പഠനത്തിന്റെ തയ്യാറെടുപ്പിൽ നാം മനസ്സിലാക്കിയിരിക്കേണ്ട വസ്തുതകളാണ്.

പഴയനിയമത്തിലെ നിയമ പുസ്തകങ്ങളിൽ കാണുന്ന നിയമങ്ങൾ കുറ്റ-ശിക്ഷാ നിയമങ്ങൾ (criminal laws), സിവിൽ നിയമങ്ങൾ (civil laws), ആരാധനാ-യാഗ-അനുഷ്ഠാന നിയമങ്ങൾ (cultic laws) എന്നിവയാണ്. അതിൽ കുറ്റ-ശിക്ഷാ നിയമങ്ങൾ പ്രതികാര നിയമങ്ങൾ ആയി പരിഗണിക്കാവുന്നതല്ല. അവ കുറ്റകൃത്യങ്ങൾ തടയുന്നതിനും അനിയന്ത്രിത പ്രതികാരങ്ങൾ പ്രതിരോധിക്കുന്നതിനും വേണ്ടിയാണ്. തുല്യവും സന്തുലിതവുമായ ശിക്ഷാ നിയമങ്ങളാണവ. അതുപോലെ സിവിൽ നിയമങ്ങൾ ആർക്കെങ്കിലും വന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിനു ലക്ഷ്യമിടുന്നവയാണ്. യാഗ-അനുഷ്ഠാന നിയമങ്ങൾ പലപ്പോഴും മൃഗങ്ങളെ കൊന്നു കൊണ്ടായിരുന്നു. അതും വിമർശനവിധേയമായ നടപടിയായിരുന്നു. എന്നാൽ അതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായിരുന്നില്ല. പഴയനിയമ യാഗങ്ങൾ ക്രിസ്തുവിന്റെ പീഡാനുഭവ സാന്നിദ്ധ്യമായിരുന്ന പാപ പരിഹാര കർമ്മങ്ങളും വിശുദ്ധ കുർബാനയുടെ സൂചകമായ ഭക്ഷണ കൂട്ടായ്മയും ആയിട്ടാണ് സഭ മനസ്സിലാക്കുന്നത്. ഏതായാലും വ്യക്തിപരമായ അക്രമവും പ്രതികാരവും പഴയനിയമ പാരമ്പര്യങ്ങൾ അനുവദിക്കുന്നില്ല. മാത്രമല്ല, അവയെ പരിമിത (confine) പ്പെടുത്തുകയും പരിഷ്കരിക്കുക (modify) യും നിയന്ത്രിക്കുക (control) യും ആണ് (ഉല്പ. 49:7-9) ചെയ്യുന്നത്. ദൈവം നൽകുന്ന കടുത്ത ശിക്ഷകൾ അനിയന്ത്രിത പ്രതികാരമാണ് എന്ന ചിന്തയും ശരിയല്ല. ദൈവത്തിന്റെ നടപടികളും ഇടപെടലുകളും ക്രമരഹിത സാഹചര്യങ്ങളെ ക്രമനിബദ്ധമാക്കുവാൻ ലക്ഷ്യമിടുന്നവയാണ്. Peace is the goal and result of all God's action against the situation of chaos (The Church's Peace witness, P, 86). ദൈവിക ഇടപെടലുകളെ അളക്കാനുള യുക്തിയും ധാർമ്മിക മാനദണ്ഡവും മനുഷ്യന്റെ വിശകലനശേഷിക്കതീതമാണ് എന്നോർക്കുക.

ഏതൊരു പഠനത്തിനും

അവലംബിക്കേണ്ട സാങ്കേതിക മായ തയ്യാറെടുപ്പുകൾ പഴയനിയമ ധാർമ്മികതയെ പറ്റിയുള്ള പഠനത്തിനും ആവശ്യമാണ്. എന്നാൽ അതോടൊപ്പം പഠനം സന്തുലിതമാകാൻ പഴയനിയമത്തിന്റെ ആശയ ലോകത്തോടു സംവേദനത്വം പുലർത്തേണ്ടതുമുണ്ട്. കൂടാതെ ഇവ രൂപപ്പെട്ട വിശ്വാസിസമൂഹത്തിന്റെ കാഴ്ചപ്പാട്, അതു തിരുവെഴുത്തായി കഴിഞ്ഞ രണ്ടായിരം വർഷം അംഗീകരിച്ച് തങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി കരുതിയ ക്രൈസ്തവസഭാ പൈതൃകത്തോടുള്ള വിശ്വസ്തത എന്നിവയെല്ലാം പഠനത്തിന് ആവശ്യമാണ്.

When Christians hold and pass down interpretations of Scripture, they gradually became taken for granted as unequivocal expressions of "what the Bible says". While there is nothing necessary wrong with traditional modes of interpretation, they become problamatic, when they harbor subtle fallacies, that render Scripture themselves questionable, not Just interpretative lens being applied. There will always be passages, in the Scriptures that serve difficult to square with human rationality and moral norms. Most often, the difficulty stems from our own understanding or ( lack there of ) not with the text. The problem is not the Scriptures, but rather the way we have come to read the Scripture (De yong p, 43, 44). അതായത് പ്രശ്നം പഴയനിയമ തിരുവെഴുത്തുകളല്ല; അത് ആധികാരികമായി വ്യാഖ്യാനിക്കുവാൻ ഉള്ള പ്രാവീണ്യമോ സാങ്കേതിക ജ്ഞാനമോ തിരുവെഴുത്തിനോടുള്ള അടിസ്ഥാനപരമായ വിശ്വസ്തതയോ ഇല്ലാത്തതാണ് എന്ന നിഗമനത്തിൽ എത്തേണ്ടതായി വരുന്നു.

പഴയനിയമധാർമ്മികത സംബന്ധിച്ച പഠനത്തിനു നിർണ്ണായകമായി അവലംബിക്കുന്നത് പഴയനിയമ നിയമസംഹിതയെ തന്നെയാണ്. കാരണം അതാണ് പഴയനിയമത്തിലെ നീതി നിർവ്വചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഘടകം. ഇവയാണ് പ്രവചന ഗ്രന്ഥങ്ങളുടെ തന്നെ ചിന്ത രൂപപ്പെടുത്തുന്ന അടിസ്ഥാനം എന്നത്. അതുപോലെതന്നെ സങ്കീർത്തനങ്ങൾ, വിജ്ഞാന ഗ്രന്ഥങ്ങൾ, വിവരണങ്ങൾ എന്നിവയിലെല്ലാം പ്രതിഫലിക്കുന്നത് ന്യായപ്രമാണ ആശയങ്ങളാണ്. ഈ അടിസ്ഥാന കാഴ്ചപ്പാട് മനസ്സിലാക്കിയാൽ പഴയനിയമ നീതി സങ്കല്പം എന്തെന്ന് ഗ്രഹിക്കുവാനാകും. ഇതന്വേഷിക്കാതെ പഴയനിയമത്തിലെ ചില ഒറ്റപ്പെട്ട സംഭവങ്ങൾ, വിവരണങ്ങൾ എന്നിവ ഉയർത്തിക്കാണിച്ചു നടത്തുന്ന വാദങ്ങൾ അധികാരികമായി കാണാനാവില്ല. ദൈവവചനം എന്ന നിലയിൽ പഴയനിയമ തിരുവചനത്തെ കണ്ട് അതിലെ ദുർഗ്രഹതകൾ ദൈവാത്മാവിൽ അന്വേഷിച്ചും സഭയുടെ ഇത:പര്യന്തമുള്ള തിരിച്ചറിവുകൾ അംഗീകരിച്ചും സത്യം തിരിച്ചറിയുന്നതിന് ആധുനിക മാനദണ്ഡങ്ങൾ പ്രയോജനപ്പെടുത്തിയും കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചാൽ പഴയ നിയമ ധാർമ്മികത സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള തെറ്റിദ്ധാരണകൾ മാറ്റിയെടുക്കുവാൻ സാധിക്കും.

*(തുടരും...)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

## ഏകദിന ധ്യാനവും
## വേദസമീക്ഷ സർട്ടിഫിക്കറ്റ് വിതരണവും

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാസമാജം ഏകദിന ധ്യാനയോഗം 2024 മാർച്ച് 2-ാം തീയതി ശനിയാഴ്ച പെരിയാമ്പ്ര സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടക്കും. അന്നേദിവസം രാവിലെ രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന മീറ്റിംഗ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന ധ്യാനയോഗത്തിന് അഖില മലങ്കര മർത്തമറിയം ജനറൽ സെക്രട്ടറി പ്രൊഫ. മേരി മാത്യു നേതൃത്വം നൽകും. ഉച്ചകഴിഞ്ഞ് 2 മണിക്ക് ആദ്യവർഷത്തെ വേദസമീക്ഷ പഠനം പൂർത്തിയാക്കിയ 39 പേർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും തുടർന്ന് തിരുവചന പഠന ക്ലാസും നടക്കും. അത്മായ പഠന പരിപാടിയുടെ ഭാഗമായി മർത്തമറിയം വനിതാസമാജം ആരംഭിച്ച വേദസമീക്ഷ ഒരുവർഷം പൂർത്തിയാക്കിയ സാഹചര്യത്തിലാണ് മീറ്റിംഗ് നടക്കുന്നത്. പുതിയ നിയമ പഠനത്തിലേക്കുള്ള ആമുഖവും സുവിശേഷങ്ങളിലെ പ്രധാന വിഷയങ്ങളെപ്പറ്റിയുള്ള പഠനവുമാണ് ഒരു വർഷമായി നടന്നുവന്നത്. ഈ മീറ്റിംഗിൽ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു മുഖ്യാതിഥി ആയിരിക്കും. യോഗത്തിന് വേദസമീക്ഷ ഡയറക്ടർ ഫാ. ഷിബു കുര്യൻ, ഭദ്രാസന മർത്തമറിയം വനിതാസമാജം വൈസ് പ്രസിഡന്റ് ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം, സെക്രട്ടറി ശ്രീമതി മിനി ജോസഫ് സമാജത്തിന്റെ മറ്റ് ഭാരവാഹികളും നേതൃത്വം നൽകും.

പ്രതികരണം

# പോക്സോ കേസുകളുടെ കേദാരമായി മാറുന്ന -നവകേരളം-

ഡോ. എം. പി. മത്തായി

**കേ**രള സമൂഹം കണ്ടില്ലെന്ന് നടിച്ച്, കാർപ്പെറ്റിനടിയിൽ ഒളിപ്പിക്കുന്ന അത്യന്തംഗുരുതരമായ ഒരു പ്രശ്നത്തിലേക്ക് അനുവാചക ശ്രദ്ധക്ഷണിക്കുകയാണ് ഈ കുറിപ്പിന്റെ മുഖ്യ ഉദ്ദേശം.

കേരളത്തിൽ പെൺകുട്ടികളുടെ നേർക്കുള്ള ലൈംഗികാതിക്രമങ്ങൾ ഭയാനകമായ തോതിൽ വർദ്ധിക്കുന്നു എന്നതാണ് പ്രശ്നം.

**പശ്ചാത്തലം**

ഇന്ത്യയിൽ കുട്ടികൾക്കു നേരെ, പ്രത്യേകിച്ചും പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിലാണ്, അതിക്രമങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി ഇന്ത്യാ ഗവൺമെന്റ് 2012 ൽ POCSO (Protection of Children from Sexual Offences) ആക്ട് പാസാക്കിയത്.

ലൈംഗികാതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുവാൻ വേണ്ടി തയ്യാറാക്കിയ ഈ ആക്ട് പ്രകാരം 18 വയസ്സിനു താഴെയുള്ളവരെയാണ് Child- ശിശു അഥവാ കുട്ടി ആയി നിശ്ചയിട്ടുള്ളത്. അതിക്രമങ്ങൾക്ക് വധശിക്ഷ ഉൾപ്പെടെ കഠിനശിക്ഷകൾ നല്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഈ നിയമം ഇന്ത്യൻ കുട്ടികൾക്ക് കരുത്തുറ്റ സംരക്ഷണ വലയം ഒരുക്കുമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ, ഈ പ്രതീക്ഷകളെയെല്ലാം അട്ടിമറിക്കുന്ന സംഭവങ്ങൾക്കാണ് നാം ഇന്ന് സാക്ഷ്യം വഹിക്കുന്നത്.

**ഞെട്ടിക്കുന്ന കണക്കുകൾ**

പോക്സോ ആക്ട് നിലവിൽ വന്ന 2012 നുശേഷം ഇന്ത്യയിൽ കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ തോതും, തീവ്രതയും കുറയുകയല്ല, മറിച്ച് വർദ്ധിക്കുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ എൻ.സി.ആർ.ബിയുടെ ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2017 നുശേഷം പോക്സോ കുറ്റങ്ങളിൽ 94.47 ശതമാനം വർദ്ധനവുണ്ടായി. കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങളിൽ 90 ശതമാനവും ലൈംഗികാതിക്രമങ്ങളാണ് എന്ന വസ്തുത നമ്മെ ചിന്തിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യേണ്ടതാണ്. 2019 നും, 20 നും ഇടയിൽ ഇന്ത്യയിൽ പ്രതിദിനം 129 കുട്ടികളാണ് അക്രമങ്ങൾക്ക് ഇരയായത്. ഇരകളിൽ 97.6 ശതമാനം പെൺകുഞ്ഞുങ്ങളാണ് എന്നതും അവർ ലൈംഗിക പീഢനങ്ങൾക്കാണ് വിധേയരായത് എന്നതും മന: സാക്ഷിയെ കുത്തിക്കീറുന്ന ഭീകര സത്യങ്ങളാണ്.

ഇക്കാര്യത്തിൽ കേരളത്തിലെ സ്ഥിതി ഒട്ടും മെച്ചമല്ലെന്നുമാത്രമല്ല, മറിച്ച് കൂടുതൽ ഭീതിജനകവുമാണ്. കേരളത്തിൽ ഒരു ദിവസം ഒമ്പത് പെൺകുട്ടികൾ ലൈംഗികാതിക്രമത്തിന് ഇരകളാകുന്നുണ്ട് എന്നാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്. വാസ്തവത്തിൽ, യഥാർത്ഥ സംഖ്യ ഇനിയും അധികമാകാനാണ് സാധ്യത. കാരണം നടക്കുന്ന അതിക്രമങ്ങളിൽ 90% ത്തിൽ അധികം മൂടിവെക്കപ്പെടുകയാണെന്നും പത്തുശതമാനത്തിൽ കുറവ് മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂ എന്നുമാണ് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. സമൂഹത്തിലെ ഉന്നതശ്രേണികളിൽപ്പെടുന്നവരാണ് ലൈംഗികാതിക്രമ സംഭവങ്ങൾ രഹസ്യമാക്കിവയ്ക്കുന്നത്. എന്നാൽ അതിക്രമങ്ങൾ പോലീസിൽ അറിയിച്ച്, കേസാക്കുന്നവരിൽ ബഹുഭൂരിപക്ഷവും സാധാരണക്കാരാണ് എന്നതാണ് ശ്രദ്ധേയമായ സവിശേഷത. കപടമാന്യതയേക്കാൾ അവർക്ക് താല്പര്യം നീതിയോടാണ് എന്നതാവാം അവരെ ഇതിന് പ്രേരിപ്പിക്കുന്നത്.

**വാളയാറും വണ്ടിപ്പെരിയാറും**

പെൺകുട്ടികളുടെ നേരെയുണ്ടാകുന്ന ലൈംഗികാതിക്രമങ്ങളെ കേരളത്തിലെ അധികാരിവർഗ്ഗവും, പൊതുസമൂഹവും എങ്ങിനെയാണ് സമീപിക്കുന്നതും കൈകാര്യം ചെയ്യുന്നതും എന്ന് വ്യക്തമാക്കുന്ന രണ്ട് മാതൃകാ കേസുകളാണ് വാളയാറിലെ പെൺകുട്ടികളുടെയും വണ്ടിപ്പെരിയാറിലെ പെൺകുട്ടികളുടേയും കൊലപാതകങ്ങൾ.

2017 ജൂൺ 13 നും, മാർച്ച് 4 നും 52 ദിവസത്തിനിടയിൽ 13 ഉം, 9 ഉം വയസ്സുള്ള സഹോദരിമാരായ ദളിത് പെൺകുട്ടികളെ ഒറ്റ മുറി മാത്രമുള്ള അവരുടെ വീടിനുള്ളിൽ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തി. പതിവുപോലെ പോലീസ് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തു. പോസ്റ്റ് മോർട്ടത്തിൽ രണ്ടുകുട്ടികളും ലൈംഗികപീഢനത്തിന് വിധേയരായിരുന്നു എന്ന് കണ്ടെത്തി.

കേസന്വേഷണം ഇഴയുന്നതു കണ്ട് ക്ഷുഭിതരായ നാട്ടുകാരും സന്നദ്ധ സംഘടനകളും പ്രതിഷേധവുമായി രംഗത്തെത്തി. നിൽക്കക്കള്ളിയില്ലാതായ പോലീസ് അഞ്ചുപേരെ പോക്സോ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. തെളിവെടുപ്പും കേസുവിസ്താരവും നടന്നു. ഒടുവിൽ 2019 ൽ പ്രതികളെ എല്ലാം വെറുതെ വിട്ടുകൊണ്ട് കോടതി വിധിപുറപ്പെടുവിച്ചു. പ്രതികളെ എന്തുകൊണ്ട് വെറുതെ വിടേണ്ടിവന്നു എന്ന് വിധി ന്യായത്തിൽ സെഷൻസ് ജസ്ജി വ്യക്തമാക്കി. ശാസ്ത്രീയമായ തെളിവുകൾ ഹാജരാക്കുവാൻ പോലീസിന് കഴിഞ്ഞില്ലെന്നും പ്രതികൾ കുറ്റം ചെയ്തെന്ന് സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടെന്നും വിധി ന്യായത്തിൽ കുറ്റപ്പെടുത്തി. ചുരുക്കിപ്പറഞ്ഞാൽ, പ്രതികളും അധികാരികളും തമ്മിലുളള അവിഹിതബന്ധം വഴി കേസ് അട്ടിമറിക്കപ്പെട്ടു. രണ്ടുമക്കളും ഹീനമായി കൊലചെയ്യപ്പെട്ട്, മാനസികമായി തകർന്ന മാതാപിതാക്കൾ നീതി തേടി ഇന്നും കേരളത്തിൽ അലയുകയാണ്.

വണ്ടിപ്പെരിയാറിലെ പെൺകുട്ടിയുടെ കേസിന് വാളയാർ കേസുമായി സമാനതകൾ പലതുണ്ട്. ഇരകൾ മൂന്നും ദളിത് കുട്ടികളാണ്. നിസ്വാർദ്ധരും ദുർബ്ബലരുമാണ് മാതാപിതാക്കൾ. പ്രതികൾ അധികാരികളെ സ്വാധീനിക്കാൻ പ്രാപ്തരാണ്. പോലീസ് ഒരേ തൂവൽപക്ഷികളും. വണ്ടിപ്പെരിയാറിൽ ആറുവയസ്സുള്ള പെൺകുട്ടിയെ ലൈംഗികമായി പീഢിപ്പിച്ച ശേഷം വീടിന്റെ കഴുക്കോലിൽ കെട്ടിത്തൂക്കുകയാണ് ചെയ്തത്. പ്രതി അയൽക്കാരനും മാർക്സിസ്റ്റ് യുവജനസംഘടനാ പ്രവർത്തകനുമാണ്. കുട്ടി കളിക്കുന്നതിനിടെയാണ് ഷോൾ കഴുത്തിൽ കുരുങ്ങി മരിച്ചു എന്നായിരിന്നു പോലീസിന്റെ ആദ്യ ഭാഷ്യം. പോസ്റ്റ്മോർട്ടത്തിൽ ക്രൂരമായ ലൈംഗികപീഢനത്തിന്റെ തെളിവുകൾ കണ്ടെത്തിയതോടെ പോലീസ് കേസെടുക്കാൻ നിർബന്ധിതമായി. എന്നാൽ കേസിന്റെ ഗതി വാളയാർ കേസിന്റെ ഏകദേശ തനിയാവർത്തനമായി. തെളിവുകളുടെ അഭാവത്തിൽ പ്രതിയെ വെറുതെ വിട്ടു.

പ്രതിയെ വെറുതെ വിട്ട പോക്സോ കോടതി, പക്ഷെ പോലീസിനെയും പ്രോസിക്യൂഷനെയും പ്രതികൂട്ടിലാക്കി. കേസന്വേഷണത്തിൽ പോലീസ് മന: പൂർവ്വം വരുത്തിയ വീഴ്ചകൾ ജഡ്ജി വിധിയിൽ അക്കമിട്ട് രേഖപ്പെടുത്തി. വിധിയിലെ സുപ്രധാനമായ രണ്ടു നിരീക്ഷണങ്ങൾ ഉദ്ധരിക്കാം.

1) “The investigation, conducted in a most biased and defective manner, led to the escape of the culprits from the clutches of law”
2) “The present crime requires a re-investigation to collect sufficient circumstantial and medical evidence against the accused.”

വിധിയിൽ ഇത്രശക്തമായ നിരീക്ഷണങ്ങളും, നിർദ്ദേശവും ഉണ്ടായിട്ടും അധികാരികൾ, രാഷ്ട്രീയസ്വാധീനത്തിനു വഴങ്ങി, അനങ്ങാപ്പാറ നയം സ്വീകരിച്ചു. മാത്രമല്ല, ഇരയുടെ പിതാവിനെ ഭയപ്പെടുത്തി നിഷ്ക്രിയനാക്കാൻ വേണ്ടി പ്രതിയുടെ ബന്ധു അയാളെ മാരകായുധമുപയോഗച്ച് അക്രമിച്ച് പരിക്കേല്പിച്ചു. ഇരയുടെ മാതാപിതാക്കൾ മുഖ്യമന്ത്രിയെ ക്കണ്ട് അപേക്ഷിച്ചിട്ടും യാതൊരാശ്വാസവും ലഭിച്ചില്ല എന്നാണ് റിപ്പോർട്ട്. ഇരയുടെ മാതാവ് ഇപ്പോൾ നീതി തേടി ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കേരളസർക്കാരും പോക്സോ കോടതിയുടെ വിധി റദ്ദുചെയ്യണം എന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്.

**രക്ഷകർത്താക്കളും പൗരസമൂഹവും ശ്രദ്ധിക്കുക**

പെൺകുട്ടികൾ നേരിടുന്ന ലൈംഗികാതിക്രമങ്ങളെപ്പറ്റിയുള്ള അന്വേഷണ-പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുള്ള ശ്രദ്ധേയങ്ങളായ പല ഗുണപാഠങ്ങളുമുണ്ട്. അവയിൽ നിന്ന് കുട്ടികളുടെ, പ്രത്യേകിച്ചും പെൺകുഞ്ഞുങ്ങളുടെ, മാതാപിതാക്കളും രക്ഷാകർത്താക്കളും പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വെളിപ്പെടുത്തൽ എടുത്തു പറയട്ടെ. പെൺകുഞ്ഞുങ്ങളെ ലൈംഗികമായി ചൂഷണം ചെയ്യുന്നവരിൽ അധികംപേരും അവരുടെ ഏറ്റവും അടുപ്പക്കാരും വിശ്വസ്തരുമായ ബന്ധുക്കളോ, അയൽക്കാരോ ആണ്. ആവിശ്വസനീയമായി തോന്നാമെങ്കിലും തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണിത്. ഇത് തിരിച്ചറിഞ്ഞ് രക്ഷിതാക്കൾ ജാഗ്രത പാലിക്കണം. വേണ്ടത്ര കരുതലില്ലാതെ പെൺകുട്ടികളെ മറ്റുള്ളവരുടെ-വിശ്വസ്തരുടെ പോലും-സംരക്ഷണയിൽ വിടാതിരിക്കാൻ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. ഈ സത്യം ഇപ്രകാരം തുറന്നു പറയുന്നതുകൊണ്ട് ബന്ധുക്കളും അയൽക്കാരും തമ്മിലുള്ള വിശ്വാസ-ബന്ധത്തിന് ഉലച്ചിൽ തട്ടിയേക്കാൻ ഇടയുണ്ട് എന്നതുകൊണ്ട് ഇത് പറയാതിരിക്കാനാവില്ല. കാരണം, അത്തരം ബന്ധങ്ങൾക്ക് ഉണ്ടാകാനിടയുള്ള താല്ക്കാലിക ഉലച്ചിനേക്കാൾ പതിന്മടങ്ങ് അപായകരമാണ് രക്ഷിതാക്കളുടെ ജാഗ്രതക്കുറവുകൊണ്ട് കുട്ടികൾക്കുണ്ടാകുന്ന മാനസികാഘാതം എന്നു നാം ഓർമ്മിക്കണം.

*ശേഷം 16-ാം പേജിൽ*

ധ്യാനം

# വന്നു, കണ്ടു, കീഴടങ്ങി

## വി. യോഹന്നാൻ 1:42–51

ഫാ. സിബി മാത്യു വർഗീസ്

**വി.** യോഹന്നാന്റെ സുവിശേഷത്തിന്റെ അവസാന ഭാഗത്തു യേശു ഗലീലിയായിലേക്ക് യാത്രയാവുകയാണ്. പാർശ്വവത്കരിക്കപ്പെട്ടവരുടെ ഗലീലിയ. ശക്തിയും മനോഹാരിതയുമൊക്കെയുള്ള യെരുശലേമിൽ നിന്നും ഏറെ അകലെയുള്ള ഗലീലിയ.

കൂടെ കൂട്ടുവാൻ പറ്റിയ ആളുകളെ കാണുമ്പോൾ വിളിക്കുന്നുണ്ട്. ആദ്യം യേശു കാണുന്നത് ഫിലിപ്പോസിനെയാണ്. യേശു വിളിച്ചു, എന്നാൽ പിന്നെ കൂടെ കൂടിയേക്കാം എന്നു വിചാരിച്ചു ചുമ്മാ ഒരു പോക്കല്ല അയാളു ടേത്. യേശുവിന്റെ വിളിയിൽ അയാൾ വല്ലാതെ ആകൃഷ്ടനായിട്ടുണ്ട്, സംതൃപ്തനുമാണ്. യേശുവിനെക്കുറിച്ചു മറ്റു ആശങ്കകളൊന്നും അയാളിലില്ല. ഇതൊന്നും വെറുതെ പറയുന്നതല്ല. പിന്നീട് നാം കാണുന്ന ഫിലിപ്പോസിൽ നിന്നും ഇതൊക്കെ കൃത്യമായി വായിച്ചെടുക്കാം. യേശുവിന്റെ വിളി സർവ്വാത്മനാ ഏറ്റെടുത്തുവെങ്കിലും, ഞാൻ ഇപ്പോൾ വരാമെന്നു പറഞ്ഞു അയാൾ മറഞ്ഞു. അപകടം മണത്തു നമ്മളെപ്പോലെ സ്കൂട്ടായതല്ല കേട്ടോ. അയാൾ പോയത് തന്റെ ചങ്ങാതിയുടെ അടുത്തേക്കാണ്. യേശുവിനെ പറ്റി തന്റെ ചങ്ങാതിയായ നഥാനിയേലിനു വർണ്ണിച്ചുകൊടുത്തു. “മോശ ന്യായപ്രമാണത്തിലും, പ്രവാചകന്മാർ അവരുടെ ലിഖിതങ്ങളിലും ആരെക്കുറിച്ച് എഴുതിയിരിക്കുന്നോ അദ്ദേഹത്തെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു-അത് നസറെത്തുകാരനായ യോസേഫിന്റെ പുത്രൻ യേശുതന്നെ” എന്നു പറഞ്ഞു. _heuriskei_ എന്ന വാക്കാണ് ‘കണ്ടെത്തിയിരിക്കുന്നു‘ എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ചുമ്മാപോയ വഴിയിൽ കിടന്നു കിട്ടി എന്നർത്ഥത്തിലല്ല. നിരന്തരമായ ഒരന്വേഷണത്തിന്റെ ഒടുവിലാണ് ഈ കണ്ടെത്തൽ (Seeks and finds). ആ ഒരു സാഫല്യത്തിന്റെ സന്തോഷം അയാളുടെ വർണ്ണനയിൽ നിന്നും മനസ്സിലാക്കാം. അയാൾക്ക് മശിഹായെ കിട്ടി, പക്ഷെ ചങ്ങാതിക്കും മശിഹായെ ലഭിക്കണം. അവനും തന്നേപ്പോലെ മശിഹായെ ആത്മാർത്ഥമായി കാത്തിരിക്കുന്നു വെന്ന് ഫിലിപ്പോസിനു അറിയാമായിരുന്നു. രണ്ടു പേരും ഒരുമിച്ചാണോ അത്തിമരതണലിൽ ഇരുന്നതെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും താൻ കണ്ടെത്തിയ മശിഹായെ പങ്കുവെയ്ക്കുവാനുള്ള അയാളുടെ മനോഭാവം അഭിനന്ദനാർഹമാണ്, അതിലുപരി ക്രിസ്തീയമാണ്.

ഫിലിപ്പോസിനോടുള്ള നഥാനിയേലിന്റെ ഉത്തരം “നസറെത്തുകാരനോ! അവിടെനിന്നു വല്ല നന്മയും വരുമോ” എന്നായിരുന്നു. അതിലേക്കു വരും മുൻപേ ഫിലിപ്പോസിന്റെ പ്രത്യുത്തരം എന്തെന്ന് കാണാം: ‘വന്നു, കാണുക’ (Come and See). നമ്മളായിരുന്നെങ്കിൽ ഉറപ്പുള്ള ഒരു കാര്യത്തെ മറ്റൊരാൾ ചോദ്യം ചെയ്താൽ പിന്നെ വാദ പ്രതിവാദങ്ങളായിരിക്കും. ‘അതെന്നാ, നസ്രത്തിൽ നിന്നും നന്മ വന്നാൽ പുളിക്കുമോ’, ’ബെറ്റുണ്ടോ’, ’നിനക്ക് വേണേൽ വിശ്വസിച്ചാൽ മതി, ഞാൻ പോവാ’, ‘നീയിങ്ങനെ അത്തിയുടെ ചുവട്ടിൽ ഇരുന്നോ, ഒരുകാലത്തും ഗുണം വരികയില്ല...’ അങ്ങനെ പോകും നമ്മുടെ മനോഭാവം. പക്ഷേ ഫിലിപ്പോസ് യാതൊരു വിധ വാദപ്രതിവാദങ്ങൾക്കും നിൽക്കുന്നില്ല. മറിച്ചു, തികച്ചും വ്യക്തിപരമായ കൂടിക്കാഴ്ചയിലേക്ക് (Personal Encounter) തന്റെ ചങ്ങാതിയെ ക്ഷണിക്കുകയാണ്. സഭയുടെയും, പൗരോഹിത്യത്തിന്റെയുമൊക്കെ അടിസ്ഥാനമിളക്കാൻ അത്യദ്ധ്വാനം ചെയ്യുന്ന യുക്തിവാദങ്ങളുടെ കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. സഭയെന്തിനു, പള്ളിയും പട്ടക്കാരനും ആവശ്യമുണ്ടോ? ദൈവത്തെ വിളിക്കണോ? ഈ സഭയിൽ നിൽക്കണോ? ചോദ്യങ്ങൾ അനവധിയാണ്. പക്ഷേ സ്വാധീനിക്കുവാൻ കഴിയുന്നിടത്തെങ്കിലും ‘വന്നു കാൺമിൻ’ എന്നു നിസ്സന്ദേഹം പറയാൻ എത്രപേർക്ക് സാധിക്കും? ആദ്യം നമ്മുടെ സന്ദേഹമൊഴിയേണ്ടേ! എന്തായാലും ഫിലിപ്പോസ് ഒരു നല്ല ക്രിസ്ത്യാനിയാണ് (Christian). നല്ല സുവിശേഷഘോഷകൻ (Missionary). ക്രിസ്തുവിനുവേണ്ടി ഒരാളെക്കൂടി നേടിയെടുക്കുന്നതിൽ അപ്പുറമായി എന്ത് ദൗത്യമാണ് (Mission) ഒരു ക്രിസ്തുശിഷ്യനുള്ളത്. അയാൾ അതു ഭംഗിയായി നിർവഹിച്ചു.

നഥാനിയേൽ തുടക്കത്തിൽ തന്നെ സംശയത്തിലാണ്. വെറും സംശയമല്ല, ഒരുതരം അനിശ്ചിതത്വം (Skeptical). അതിന് അയാൾക്ക് മതിയായ കാരണവുമുണ്ട്. മശിഹായെകുറിച്ചുള്ള അയാളുടെ മുൻധാരണകൾ (Preconceptions about the Messiah). മശിഹാ, ഇസ്രായേലിന്റെ രാജാവ്, എങ്ങനെയാണ് ഒരു തച്ചന്റെ മകനായി ജനിക്കുന്നത്. തന്റെ വായനകളിലും പഠനങ്ങളിലും മശിഹായെ കുറിച്ചുള്ള സ്വപ്നങ്ങളിലുമൊന്നും അങ്ങനെയൊരു മശിഹായില്ല. അതുമല്ല, വരുന്നത് നസ്രേത്തിൽ നിന്നും, തീർത്തും അസംഭവ്യം (Impossible). നസ്രത്ത് അധികം അറിയപ്പെടാത്ത ഗലീലിയൻ ഗ്രാമമായിരുന്നു, മറ്റൊരു ഗലീലിയൻ ഗ്രാമമായ കാനയിൽ നിന്നുള്ള

നഥാനിയേൽ നസ്രത്തിനെ പുച്ഛിക്കുന്നു. നഥാനിയേലിനെ സംബന്ധിച്ചിടത്തോളം, ഈ ചെറിയ പട്ടണത്തിൽ നിന്നാണ് മശിഹാ വരുന്നത് എന്ന് പറയുന്നത് തികച്ചും പരിഹാസ്യമാണ്. എന്നിട്ടും, എന്നിട്ടും അയാൾ പോകുന്നു. ചങ്ങാത്തതിന്റെ അതിശ്രേഷ്ഠഭാവമാണ് കാണുന്നത്, 'വിശ്വാസം'. എന്റെ ചങ്ങാതി പറയുന്നതിൽ എന്തോ കാര്യമുണ്ട്. അഭിപ്രായ വ്യത്യാസങ്ങൾ പൊരുത്തമില്ലായ്മയിലേക്കും, ഒറ്റപ്പെടുത്തലുകളിലേക്കും നയിക്കുന്ന സംസ്കാരത്തിൽ നഥാനിയേൽ ഒരു വേറിട്ട വഴിയാണ്. സത്യസന്ധനായ മനുഷ്യൻ. ഒളിച്ചുവെയ്ക്കാനും പൊതിഞ്ഞു പറയാനും അയാൾക്ക് ഒന്നുമില്ല. പക്ഷേ അയാളുടെ മുൻവിധികളുടെ മദ്ധ്യേയും യാഥാർഥ്യം അറിയുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം ശ്ലാഘനീയമാണ്. ആ ശ്രമമാണ് യേശുവിൽ അയാളെ എത്തിക്കുന്നത്. മുൻവിധികളുമായി വരുന്ന നഥാനിയെലിനെ 'ഇതാ, ഒരു യഥാർത്ഥ ഇസ്രായേല്യൻ; ഇയാളിൽ യാതൊരു കാപട്യവും ഇല്ല' എന്നുപറഞ്ഞു അഭിനന്ദിച്ചു കൊണ്ടാണ് യേശു സ്വീകരിക്കുന്നത്. യേശു ആരാണെന്ന് അറിയാൻ വന്ന മനുഷ്യൻ യേശുവിനോട് ചോദിക്കുന്നു: 'എന്നെ നിനക്ക് എങ്ങനെ അറിയാം?' യേശുവിന്റെ ഉത്തരം നഥാനിയേലിനെ ആശ്ചര്യപ്പെടുത്തുന്നുണ്ട്. കാരണം നഥാനിയേലിനെക്കുറിച്ച്, അയാൾക്കും ദൈവത്തിനും മാത്രം അറിയാമായിരുന്ന വ്യക്തിപരമായ വിശദാംശങ്ങൾ യേശു വെളിപ്പെടുത്തുന്നു: 'ഫിലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ്, നീ അത്തിയുടെ ചുവട്ടിലായിരിക്കുമ്പോൾ, ഞാൻ നിന്നെ കണ്ടിരുന്നു'. നസ്രത്തിലെ യേശുവിനെ തിരായ അയാളുടെ മുൻവിധികൾക്ക് ഇനി ഇടമില്ല. നഥാനിയേൽ പ്രഖ്യാപിക്കുന്നു, "റബ്ബീ, നീ ദൈവപുത്രനാണ്! നീയാണ് ഇസ്രായേലിന്റെ രാജാവ്!" യേശുവുമായുള്ള വ്യക്തിപരമായുള്ള കൂടിക്കാഴ്ച്ചയിൽ തന്റെയുള്ളിലെ സംശയത്തിന് അയാൾ തന്നെ ഉത്തരം കണ്ടെത്തുന്നു; 'നസ്രത്തിൽ നിന്നും നന്മ വരും, ജോസഫിന്റെ മകൻ ഇസ്രായേലിന്റെ രാജാവാകും'.

നാമും ദൈവത്തെപറ്റി മുൻവിധിയുള്ളവരാണ്. നമ്മുടെ വിശ്വാസത്തിന്റെയും, ഇഷ്ടങ്ങളുടെയും അടിസ്ഥാനത്തിൽ നാമണിയിച്ചൊരുക്കുന്ന രൂപക്കൂടുകളിൽ കുടിയിരുത്തുന്ന 'നമ്മുടെ' ദൈവം. നമ്മുടെ ഇഷ്ടങ്ങൾക്കും സ്വപ്നങ്ങൾക്കും സങ്കൽപ്പങ്ങൾക്കും പുറത്തുള്ള ദൈവത്തെ അംഗീകരിക്കാൻ നമുക്ക് ബുദ്ധിമുട്ടാണ്. നമ്മൾ ആഗ്രഹിക്കുന്ന സംസ്കാരത്തിന്റെയോ, മതപരമായ പ്രതീക്ഷകളുടെയോ ചമയങ്ങളണിഞ്ഞ ദൈവത്തെയാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ പലപ്പോഴും നമ്മുടെ സങ്കൽപ്പങ്ങൾക്ക് പുറത്താണ് ദൈവം അവതരിക്കുന്നത്. രാജകൊട്ടാരത്തിൽ പ്രതീക്ഷിച്ചു, പിറന്നതോ കാലികൂട്ടിൽ. രാജാവിനോടൊപ്പം സമൂഹത്തിലെ ഉന്നതവർഗ്ഗത്തോടൊപ്പം മേശ പങ്കിടുമെന്ന് പ്രതീക്ഷിച്ചു, പക്ഷെ ചുങ്കകാരനോടും ലൈംഗിക തൊഴിലാളിയോടും ഒപ്പം അപ്പം പങ്കിട്ടു. വിദ്യാസമ്പന്നരായ ആളുകളെ കൂടെകൂട്ടുമെന്ന് വിചാരിച്ചു, പക്ഷേ വിദ്യാവിഹീനരായ മുക്കുവന്മാരെ ചങ്ങാതികളാക്കി. മൊത്തത്തിൽ പൊരുത്തക്കേടാണ്. അശക്തനായ ദൈവം (Weak God), മലീമസപ്പെട്ട ദൈവം (Polluted God), കൊല്ലപ്പെട്ട ദൈവം (Murdered God). ദൈവത്തെ നാം തിരയുന്നത് അധികാര കേന്ദ്രങ്ങളിലാണ്. പക്ഷെ അവനെന്നും അരികുകളിലേക്ക് തള്ളപ്പെട്ടവരോടൊപ്പമാണ് (Identifying with the marginalised community). മുൻവിധികൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ നമ്മുടെ സംശയങ്ങളോടും, മുൻവിധികളോടും തന്നെ അവന്റെ അടുക്കലേക്ക് എത്തുവാൻ സാധിക്കണം. അങ്ങനെ ചില അപ്രതീക്ഷിത സ്ഥലങ്ങളിൽ അവനെ കണ്ടുമുട്ടുമ്പോൾ, നാം ആരാണെന്നും, ജീവിതത്തിൽ നാം എവിടെയാണെന്നും കൃത്യമായി അവനറിയാമെന്നു നാം കണ്ടെത്തും. അതൊരു വഴിതിരിവാണ്. അവിടെ നമ്മുടെ മുൻവിധികളെ തിരുത്തി അവനെ അംഗീകരിച്ചാൽ, സ്വീകരിച്ചാൽ പിന്നെ അവനോടൊപ്പമാണ് തുടർജീവിതം. അവിടെയാണ് ശിഷ്യത്വം ആരംഭിക്കുന്നത്. അവന്റെ സാന്നിധ്യബോധത്തിലുള്ള ജീവിതം.

**നുറുങ്ങുവെട്ടം**

**ആകെയുള്ളത് നിഴലു മാത്രം..**

എല്ലാകാലത്തും മനുഷ്യനെ അവനോടൊപ്പം പിന്തുടരുന്ന എന്തോ ഒന്ന് ഉണ്ട്. അതൊരു പക്ഷേ ഭാഷ, ശൈലികൾ, ബന്ധങ്ങൾ... ഇങ്ങനെ നീണ്ടു പോകുന്നതാകാം.

എന്നാൽ എല്ലാ കാലത്തും നമ്മൾ മനുഷ്യർ കാണാതെ നമ്മെ പിന്തുടരുന്ന നമ്മുടെ രൂപചിത്രമുണ്ട്. അത് ദൈവം സമ്മാനിച്ച ആവരണമാണ്.

പ്രകാശത്തിന് കീഴിൽ നമ്മിലുണ്ടാകുന്ന ചില നിഴലുകൾ പോലെ, പോകുന്ന എല്ലായിടങ്ങളിലും പറയാതെ സഞ്ചരിക്കുന്ന അവരവരുടെ നിഴലുകൾ.

പുതിയ വർഷത്തിന്റെ ആരംഭത്തിൽ കഴിഞ്ഞുപോയതിൽ എന്ത് കൂടുണ്ട്, എന്ത് കൂട്ടുണ്ട്... ആകെയുള്ളത് നിഴലു മാത്രം.

എത്രയോ വസ്ത്രങ്ങൾ സുന്ദരമായത് ഉപേക്ഷിച്ചു കളഞ്ഞു. ബന്ധങ്ങളുടെ കണ്ണികൾ വിടപറഞ്ഞതും എത്രയോ കളിച്ചും കബളിപ്പിച്ചും പോയ മനുഷ്യർ...

ഊരിയെറിഞ്ഞു കളഞ്ഞ വസ്ത്രവും വഴിപിരിഞ്ഞു പോയവരും എല്ലാം പോട്ടെ, നിഴൽ ഉണ്ട് സുഹൃത്തേ... നിഴൽ.

fr. ajeesh

പഠനം

# കീഴാളതയും പ്രതിനിധാനത്തിന്റെ പ്രശ്നങ്ങളും സ്പിവാക്കിന്റെ ചിന്തകളിൽ

ഡോ. വൈ. റ്റി. വിനയരാജ്
ഡയറക്ടർ, സി. ഐ. എസ്. ആർ. എസ്., ബാംഗ്ലൂർ

ചരിത്ര രചനയിൽ പ്രതിനിധാനത്തിന്റെ പ്രശ്നം ഗൗരവമായി ഉന്നയിച്ചത് ഗായത്രി ചക്രവർത്തി സ്പിവാക്കാണ്. ഇന്ത്യയിലെ കീഴാള പഠന ഗ്രൂപ്പിന്റെ (Subaltern Study Collective) വക്താവായിരുന്നെങ്കിലും പില്കാലത്ത് കീഴാള ചരിത്ര രചനയിൽ വിപ്ലവകരമായ മാറ്റങ്ങൾ വിഭാവനം ചെയ്ത ആളാണ് സ്പിവാക്ക്. പ്രതിനിധാനം ഒരിക്കലും ഒരു നിഷ്കളങ്കമായ പ്രവർത്തനമല്ലെന്നും മറിച്ച് അതൊരു രാഷ്ട്രീയ പ്രവർത്തനമാണെന്നും സ്പിവാക്ക് പറയുമ്പോൾ ചരിത്ര രചനയിൽ ഉൾച്ചേർന്നിരിക്കുന്ന അധികാരത്തിന്റെ പ്രശ്നം (the question of power) ആണ് വെളിവാക്കപ്പെടുന്നത്.

പ്രതിനിധാനം പലപ്പോഴും മുകളിൽ നിന്നും താഴേക്കുള്ള പ്രവർത്തനമാണെന്നും താഴെയുള്ളവർ ആ പ്രതിനിധാനം നൽകുന്ന സ്വത്വബോധത്തിൽ സ്വയം നിർവ്വചിക്കപ്പെടണമെന്നുമുള്ള കോളോണിയൽ ചരിത്ര രചനാരീതി സ്പിവാക്ക് ചോദ്യം ചെയ്യുകയും കീഴാളത, പ്രതിനിധാനത്തിന്റെ രാഷ്ട്രീയത്തെ അപനിർമ്മിക്കുന്ന ബദൽ രാഷ്ട്രീയ ഇടമാണെന്ന് വ്യക്തമാക്കുകയും ചെയ്യുമ്പോൾ സമകാലിക-സാമൂഹ്യ-രാഷ്ട്രീയ ചരിത്ര രചനാരീതികളുടെ വിപ്ലവകരമായ അട്ടിമറിയാണ് സംഭവിക്കുന്നതെന്ന് പറയാം. അതുതന്നെയായാണ് ഗായത്രി ചക്രവർത്തി സ്പിവാക്കെന്ന എഴുത്തുകാരിയെ കോളനിയനന്തര രാഷ്ട്രീയ പ്രത്യയശാസ്ത്ര ചർച്ചയിൽ ഗൗരവമായി കാണാൻ നമ്മെ നിർബന്ധിക്കുന്നതും. ആധുനിക ചരിത്ര രചനാരീതി രൂപമെടുക്കുന്നതു ഹ്യൂമനിസത്തിന്റെ മൂശയിൽ നിന്നുമാണ്. സാർവലൗകിക മാനവികത എന്നതാണ് അതിന്റെ അടിസ്ഥാനം. ദേശം, ഭാഷ, സംസ്കാരങ്ങൾക്കപ്പുറം പ്രതിനിധാനം ചെയ്യാൻ സാധിക്കുന്ന ഒരു സാർവ്വലൗകിക മനുഷ്യനുണ്ടെന്ന സങ്കല്പം പക്ഷെ യൂറോപ്പ് കേന്ദ്രീകൃതമായ ചരിത്ര രചനാരീതിയാണ് സൃഷ്ടിച്ചതെന്ന് കോളനിയനന്തര ചിന്തകന്മാർ പ്രസ്താവിച്ചു. എഡ്വേർഡ് സെയ്ദ് ആയിരുന്നു അതിൽ പ്രധാനി. സാർവ്വലൗകിക മാനവികത എന്ന ആധുനിക മനുഷ്യദർശനം യൂറോപ്പിന്റെ കാഴ്ചയിലെ മനുഷ്യനാണെന്നും അതുകൊണ്ടു യൂറോപ്പ് ഇതര ഇടങ്ങളിലെ മനുഷ്യർ യൂറോപ്പിന്റെ തന്നെ അപരത്വങ്ങളാണെന്നു മുള്ള (Orientalism) സെയ്ദിന്റെ ചിന്തകൾ ചരിത്ര രചനാരീതികളിൽ വിപ്ലവം സൃഷ്ടിച്ചു. കോളനി സമൂഹങ്ങളിലെ മനുഷ്യരെ കൊളോണിയൽ ആഖ്യാനങ്ങൾ കാഴ്ചവസ്തുക്കളാക്കുകയായിരുന്നുവെന്നും അതുകൊണ്ടിനി കോളനി സമൂഹ മനുഷ്യർക്കു ബദൽ സ്വത്വബോധം സൃഷ്ടിക്കണമെങ്കിൽ അപരത്വ നിർമ്മിതികളെ അപനിർമ്മിച്ചു കൊണ്ട് മാത്രമേ സാധ്യമാവുക യുള്ളൂവെന്നും എഡ്വേർഡ് സെയ്ദ് വ്യകതമാക്കി. അടിച്ചമർത്തപ്പെട്ടവരുടെ തിരിച്ചുവരവ് (Return of the Repressed) എന്ന മിഷേൽ ഫൂക്കോയുടെ ഉത്തരാധുനിക ചിന്തയുടെ അടിസ്ഥാനത്തിലാണ് സെയ്ദിന്റെ രീതിശാസ്ത്രം രൂപമെടുത്തത്. ലോത്യാർഡും ഴാക്ക് ദെറിദയും ഫൂക്കോയുടെ പ്രസ്തുത ചിന്ത മുന്നോട്ടുകൊണ്ടു പോവുകയും സമഗ്രാധിപത്യ രചനാരീതികളെ (Metanarratives) പൊളിച്ചെഴുതുകയും ചെയ്തു. ആധിപത്യ ആഖ്യാനങ്ങൾക്കു ള്ളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന കീഴാള കർതൃത്വങ്ങൾക്ക് സ്വയം പുതിയ ആഖ്യാനങ്ങളിലേക്ക് കടക്കാനാവും എന്ന പ്രസ്തുത ചിന്തകളുടെ വെളിച്ചത്തിലാണ് സ്പിവാക്കും തന്റെ കീഴാളതയുടെ പ്രത്യയശാസ്ത്രം രൂപപ്പെടുത്തുന്നത്.

എന്നാൽ അധിനിവേശിത കർതൃത്വങ്ങളെ (colonised subjectivities) അധിനിവേശ കർതൃത്വങ്ങളുടെ വിരുദ്ധ അപരത്വങ്ങളായി (binary opposites) നിലനിർത്തുന്ന സെയ്തിന്റെ പോസ്റ്റ് കൊളോണിയൽ രീതിക്കും ശുദ്ധമായൊരു അധിനിവേശിത കർതൃത്വം (pure colonised subjectivity) പ്രതിനിധാനം ചെയ്യപ്പെടാനായി നിലനിൽക്കുന്നുണ്ടെന്നുമുള്ള കീഴാള ചരിത്രരീതിക്കും അപ്പുറമായി നിശ്ചിതവും നിയതവുമായ പ്രതിനിധാനങ്ങൾക്കു വഴങ്ങാത്ത, സ്വതന്ത്രമായ, വ്യതിരിക്തമായ, പെർഫോമാറ്റിവായ ഭാവുകത്വമാണ് കീഴാളത അഥവാ അധിനിവേശിത കർതൃത്വം (colonial subjectivity) എന്ന സ്പിവാക്യൻ ചിന്ത കർതൃത്വ നിർമ്മിതിയുടെ പുതിയൊരു ബദൽ രാഷ്ട്രീയമാണ് വെളിവാക്കുന്നത്.

ഇറ്റാലിയൻ മാർക്സിസ്റ്റു ചിന്തകനായ അന്തോണിയോ ഗ്രാംഷിയുടെ രചനകളിലെ സബോർഡിനേറ്റ് എന്നർത്ഥം

വരുന്ന subaltern എന്ന പദത്തിൽ നിന്നാണ് കീഴാളത എന്ന സംവർഗം രൂപപ്പെടുന്നത്. ഒരുപക്ഷെ അധ്വാന വർഗം, അടിസ്ഥാന സമൂഹം എന്ന അർത്ഥത്തിലായിരിക്കാം ഗ്രാംഷി പ്രസ്തുത പദം ഉപയോഗിച്ചത്. എന്നാൽ, ജാതി, ലിംഗ, സാമ്പത്തിക ഘടനക്കുള്ളിൽ അന്യവത്കരിക്കപ്പെട്ട സമൂഹം എന്ന അർത്ഥത്തിലാണ് കീഴാള പഠന ഗ്രൂപ്പ് ഇതിനെ ദക്ഷിണേന്ത്യൻ പശ്ചാത്തലത്തിൽ വിശദീകരിച്ചത്. ദലിതരും ആദിവാസികളും അസംഘടിത മേഖലയിലെ തൊഴിലാളികളും സ്ത്രീകളുമൊക്കെ പ്രസ്തുത സങ്കല്പത്തിൽ ഉൾച്ചേർന്നിരിക്കുന്നു. എന്നാൽ അതിൽ നിന്നൊക്കെയും വിഭിന്നമായ അർത്ഥത്തിലാണ് സ്പിവാക്ക് കീഴാളത എന്ന സങ്കൽപം ഉപയോഗിക്കുന്നത്. Can the Subaltern Speak? എന്ന വിശ്വവിഖ്യാതമായ ലേഖനത്തിലാണ് കീഴാളരെക്കുറിച്ചുള്ള തന്റെ ചിന്തകൾ സ്പിവാക്ക് വെളിപ്പെടുത്തുന്നത്.

കൊളോണിയലും കോളനിയനന്തരവുമായ ചരിത്രാഖ്യാനപദ്ധതികളിലെ കീഴാളതയുടെ പ്രതിനിധാനങ്ങളെ പ്രശ്നവത്കരിച്ചുകൊണ്ടാണ് സ്പിവാക്ക് ഇത് നിർവ്വഹിക്കുന്നത്. കൊളോണിയൽ രചനകളിലൂടെ നിർമ്മിക്കപ്പെട്ടിരിക്കുന്ന അപരത്വങ്ങളെ പ്രശ്നവത്കരിച്ചുകൊണ്ടാണ് സ്പിവാക്ക് ആരംഭിക്കുന്നത്. അപരത്വങ്ങളെ നിർമ്മിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നത് സ്വത്വകാംക്ഷകൾ തന്നെയാണ്. സ്വന്തം അധീശത്വത്തെ നിലനിർത്തുന്നത് അപരത്വത്തെ കീഴാളവത്കരിച്ചുകൊണ്ടാണ്. ചരിത്ര രചനാപദ്ധതികളിൽ പിശാചുവത്കരണം (demonization) എന്നും ഇതിനെ വിളിക്കുന്നു. കീഴാളത നിർമ്മിക്കപ്പെടുന്നത് ആധിപത്യ കർതൃത്വങ്ങളുടെ സാമൂഹ്യസ്ഥാനം ഉറപ്പിക്കാൻ ആയിരിക്കും. അതുകൊണ്ട് എല്ലാ ചരിത്ര ആഖ്യാനങ്ങളിലും നിർമ്മിക്കപ്പെട്ടിരിക്കുന്ന കീഴാളതകൾ ആധിപത്യങ്ങളുടെ ന്യായവത്കരണത്തിന്റെ ഉത്പ്പന്നങ്ങളാണെന്ന ചിന്ത സ്പിവാക്ക് വെളിപ്പെടുത്തുന്നു. കീഴാളത നിർണ്ണയിക്കപ്പെട്ടതും നിശ്ചലമായതും പ്രതിനിധീകരിക്കാൻ വഴങ്ങുന്നതുമാണെന്ന ആധിപത്യ ചരിത്ര രചനാരീതികളുടെ ചിന്ത ഇവിടെ പൊളിഞ്ഞുവീഴുകയാണ്.

ഇന്ത്യയിലെ Subaltern Study Collective ന്റെ നിലവിലിരിക്കുന്ന ചരിത്രാഖ്യാനങ്ങൾ അദൃശ്യരായ ദലിതരെയും ആദിവാസികളെയും സ്ത്രീകളെയും കേന്ദ്ര കഥാപാത്രങ്ങളാക്കുന്ന ബദൽ ചരിത്ര രചനാപദ്ധതികളാണ്. അവരെ ബോധപൂർവമായി ഒഴിവാക്കുന്ന സമഗ്രാധിപത്യ രചനകളുമായി താരതമ്യം ചെയ്യുമ്പോൾ പ്രസ്തുത രീതി അഭിനന്ദനാർഹമായി തോന്നാമെങ്കിലും പ്രശനം സങ്കീർണമാണ്. ആദിവാസികൾക്കുവേണ്ടിയിട്ടാണെങ്കിലും മറ്റൊരാളുടെ ശബ്ദത്തിലൂടെയാണ് ഇവിടെ അവർ സംസാരിക്കുന്നതെന്ന പ്രശ്നം നിലനിൽക്കുന്നു. മർദ്ദിത സമൂഹത്തിന് പ്രതികരിക്കാനാവില്ലെന്നും അവർ പ്രതിനിധീകരിക്കപ്പെടേണ്ടവരാണെന്നുമുള്ള മാർക്സിയൻ ചിന്താഗതിയാണ് ഇവിടെ പിന്തുടരുന്നത്. ഇവിടെ, പ്രതിനിധാനം, സ്വയം സംസാരിക്കാനുള്ള കീഴാളരുടെ ശേഷിയെ പ്രതികൂലമായി ബാധിക്കുമെന്നതാണ് ഒരു പ്രശ്നം. രണ്ട്, എങ്ങനെയൊക്കെ പ്രതിനിധാനം ചെയ്താലും കീഴാളരുടെ ശബ്ദം മറ്റുള്ളവരിലൂടെ അപൂർണമായി മാത്രമേ വെളിപ്പെടുകയുള്ളൂ എന്ന പ്രശ്നം. അതേസമയം തന്നെ കീഴാളർ സംസാരിക്കുമ്പോൾ അത് കീഴാളരുടെ ശബ്ദം തന്നെയാവണമെന്നില്ലെന്നും കീഴാളരുടെ ശബ്ദം അധികാരത്തിന്റെ ഉപാധികളിലൂടെ പുറത്തുവരുമ്പോൾ മറ്റ് താല്പര്യങ്ങളെ മുൻനിർത്തിയാകാനും സാധ്യതയുണ്ട്. ഇതാണ് കീഴാളരുടെ പ്രതിനിധാനം എന്ന പ്രശനം സങ്കീർണമാക്കുന്നത്.

സത്താപരമായ കീഴാളസ്ഥാനം (essentialist subaltern position) എന്നൊന്നില്ല എന്ന വാദമാണ് സ്പിവാക്കിന്റെ ചിന്തകളെ വ്യത്യസ്തമാക്കുന്നത്. ആധിപത്യ ഘടകങ്ങൾക്ക് പ്രതിനിധാനം ചെയ്യാൻ കഴിയുംവിധം നിശ്ചലമായൊരു കീഴാളതയില്ലെന്ന് സ്പിവാക്ക് വാദിക്കുന്നു. രണ്ടുതരത്തിലാണ് ഈ വാദം പ്രതിഫലിക്കുന്നത്: ഒന്ന്, മറ്റുള്ളവർ കീഴാളരുടെ കർതൃത്വം ഏറ്റെടുക്കുന്നത് തടയാൻ കഴിയും. കീഴാളരുടെ രക്ഷാകർത്താക്കളായി അവതരിക്കാനുള്ള ഉപരിവർഗ്ഗത്തിന്റെ താല്പ

**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha
A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം-100 രൂ., മൂന്ന് വർഷം-250 രൂ.,
ആയുഷ്ക്കാലം (12 വർഷം)-1000 രൂ.

ര്യങ്ങളാണ് ഇവിടെ പൊളിഞ്ഞു വീഴുന്നത്. കാരണം ഉപരിവർഗ്ഗ സമൂഹങ്ങളുടെ ചിന്താഗതികൾക്ക് പ്രതിനിധീകരിക്കാനാവാത്ത വ്യതിരിക്തത (difference) കീഴാള തയ്ക്കുണ്ട്. കീഴാളസ്ഥാനത്തിന്റെ ഒരിക്കലും ചുരുക്കാനാവാത്ത ഏകത്വം (irreducible singularity) യാണിവിടെ പ്രഖ്യാപിക്കപ്പെടുന്നത്. കീഴാളത ആധിപത്യ നിർവ ചനത്തിന്, അത് വിമോചനാത്മക മായിരുന്നാലും അടിച്ചമർത്തലി ന്റേതായിരുന്നാലും വഴങ്ങാത്ത സൂചകമാണെന്ന ചിന്ത വിപ്ലവകര മാണ്. എല്ലാവർക്കും വേണ്ടി എല്ലാ വർക്കും സംസാരിക്കാൻ സാധി ക്കുന്ന ചിന്തയാണിവിടെ ചോദ്യം ചെയ്യപ്പെടുന്നത്. മനുഷ്യാവകാശ പ്രവർത്തകരാണിവിടെ പ്രതി ക്കൂട്ടിലാകുന്നത്. മേലാള വർഗ്ഗം, അത് പുരോഗമന വാദികളായി രുന്നാലും, കീഴാളർക്കുവേണ്ടി സംസാരിക്കുമ്പോഴും മേലാളത്ത ത്തിന്റെ അധികാര ഘടനയെ/ സാംസ്കാരിക മൂലധനങ്ങളെ എവിടെയാണവർ നിഷേധിക്കുന്ന തെന്ന് മറുപടി പറയേണ്ടി വരുന്നു. സ്പിവാക്കിനു മുൻപ് ഇത് വളരെ ലളിതമായിരുന്നു. പുരോഗമന വാദികൾക്ക് അവരുടെ മേലാള സാംസ്കാരിക വിഭവങ്ങളെ നിഷേ ധിക്കാതെ തന്നെ കീഴാളർക്കു വേണ്ടി സംസാരിക്കാൻ സാധിക്കു മായിരുന്നു. സ്പിവാക്യൻ കീഴാള ചിന്തക്കുശേഷം അത് അസാധ്യ മായി തീർന്നു. അതേസമയം തന്നെ നിശ്ചലമായൊരു കീഴാളത ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണ് കീഴാളരുടെ സ്വന്തം ശബ്ദം നമുക്ക് കേൾക്കാനാവുക എന്ന പ്രശ്നവും ഇവിടെ അഭിമുഖീകരിക്കേണ്ട തുണ്ട്. കീഴാളർക്ക് സംസാരിക്കാ നാവില്ലായെന്ന (subaltern cannot speak) എന്ന സ്പിവാക്കിന്റെ പ്രസ്താവന ഇവിടെയാണ് ചർച്ച ചെയ്യേണ്ടിവരുന്നത്. സ്വയം പ്രതി നിധാനം ചെയ്യാൻ കഴിയും എന്നത് സത്താവാദപരമായ ചിന്തയാണ്. അങ്ങനെ വിശുദ്ധമായയൊരു സ്വത്വത്തെക്കുറിച്ചു ഉത്തരാധുനിക ചിന്തയിൽ കാണാനാവില്ല. എല്ലാ സ്വത്വങ്ങളും വ്യവഹാരങ്ങളിലൂടെ നിർമ്മിക്കപ്പെടുന്നതാണെന്ന മിഷേൽ ഫൂക്കോയുടെ ചിന്ത ഉത്തരാധുനികതയിൽ വളരെ പ്രധാനമാണ്. സ്വത്വ-അപരത്വ സംവാദങ്ങളിൽ രൂപപ്പെടുന്ന കർ തൃത്വബോധങ്ങളെ അപനിർ മ്മി ക്കപ്പെടുകയാണ് വേണ്ടത്. അതു കൊണ്ട് നിരന്തരം അപനിർമ്മി ച്ചെടുക്കേണ്ട കർതൃത്വത്തിന് നിശ്ചലത നൽകാനാവില്ലായെന്ന സ്പിവാക്യൻ ചിന്ത ഉത്തരാധുനിക വ്യവഹാരത്തിനു അനുഗുണമാണ്.

സത്താപരമായ കീഴാളത്വം ദലിതരെയും ആദിവാസികളെയും മറ്റ് കീഴാള സമൂഹങ്ങളെയും സ്വത്വ തടവറക്കുള്ളിലാക്കുമെന്നാണ് സ്പിവാക്ക് പറയാൻ ശ്രമിക്കു ന്നത്. നൽകപ്പെട്ട/നിശ്ചയിക്ക പ്പെട്ട/അടിച്ചേൽപ്പിക്കപ്പെട്ട സ്വത്വ ബോധങ്ങൾക്കപ്പുറം മേലാളർക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത വിധത്തിലുള്ള, നിരന്തരം വ്യത്യ സ്തമായ അർത്ഥോൽപ്പാദനം നടത്തുന്ന ബദൽ ഭാവുകത്വമാണ് കീഴാളതയെന്നാണ് സ്പിവാക്ക് പറഞ്ഞുവയ്ക്കുന്നത്. നിരന്തരം തെന്നിമാറുന്ന അർത്ഥവുമായി (deciphering meaning) പുതിയ സ്വത്വ കാംക്ഷകളിലേക്ക് നിരന്തരം ചുവടുകൾ മാറുന്ന (performative) ഭാവമാണ് കീഴാളത. അതുകൊണ്ട് കീഴാളത കോളനിയനന്തര-ആധി പത്യ വിരുദ്ധമായ-ജനാധിപത്യ പരമായ ബദൽ ബോധ്യമാണ്. ഈ കീഴാളത, മേധാവിത്വ ഘടനയുടെ കീഴ്ത്തട്ടല്ല, അപരത്വവുമല്ല; പിന്നെ യോ കീഴാളതയും മേലാളതയു മൊക്കെ തകർന്നുവീഴുന്ന ജനാധി പത്യ പ്രക്രിയയിലെ നാം കാത്തി രിക്കുന്ന നവരാഷ്ട്രീയ ഭാവുകത്വ മാണ്. അതുകൊണ്ട് ആരെങ്കിലും ഒരാൾ ഞാൻ കീഴാളനാണ് എന്ന് പറഞ്ഞാൽ അയാൾ കീഴാളനാകു ന്നില്ല. സ്പിവാക്കിന്റെ കീഴാളന് അങ്ങനെയൊരിക്കലും അവകാശ പ്പെടാനാവില്ല. അതുപോലെ തന്നെ, ഞാൻ കീഴാളനെ പ്രതിനി ധീകരിക്കുന്നു, ഞാൻ കീഴാളനു വേണ്ടി സംസാരിക്കുന്നു എന്നൊ ക്കെ ആർക്കും അവകാശപ്പെടാനു മാവില്ല. കാരണം, കീഴാളത എന്നത് പ്രതിനിധീകരിക്കാനാവാ ത്ത വ്യവഹാരയിടമാണ്. സ്പി വാക്യൻ കീഴാളത ശ്രേണീബദ്ധ ഘടനയിലെ കീഴാളതയുടെ നിഷേധമാണ്. കീഴാളതയെന്ന ആധിപത്യ നിർമ്മിതിയെ ഉള്ളിൽ നിന്നും നിഷേധിക്കുന്ന കീഴാളർ ക്കു മാത്രമേ കീഴാളത അവകാശ പ്പെടാനാവുകയുള്ളൂ. അത് സംഭ വിക്കുന്നത് ജനാധിപത്യ സാമൂഹ്യ ഘടനയിലെ വ്യവഹാര പങ്കാളി ത്തത്തിലൂടെയാണ്. അപ്രകാര മൊരു വ്യവഹാരയിടം, ബഹുസ്വ രാത്മകയായൊരു ജനാധിപത്യ യിടം സൃഷ്ടിക്കുന്നതിനുള്ള പ്രയത്നത്തിലാണ് മനുഷ്യാ വകാശ പ്രവർത്തകരുടെയും സാ മൂഹ്യവിമോചന പ്രവർത്തകരു ടെയും പങ്കാളിത്തം ആവശ്യമായി രിക്കുന്നത്. അല്ലാതെ കീഴാള ശബ്ദ ത്തെ ഏറ്റെടുക്കുന്നതിനല്ല. കീഴാ ളത സ്പിവാക്കിനെ സംബന്ധിച്ചെ ടത്തോളം ജനാധിപത്യപരമായ സാമൂഹ്യസ്ഥാനം തിരിച്ചുപിടി ക്കുന്ന കീഴാളരുടെ വ്യതിരിക്ത മായ ഇടമാണ്. അത് എല്ലായ് പ്പോഴും ജനാധിപത്യ പൊതുയിട ത്തോട് തുറന്നതും സംവാദത്തി ലേർപ്പെടുന്നതുമായിരിക്കും. ദലിതരെയും ആദിവാസികളെയും സ്ത്രീകളെയും സംബധിച്ചിട ത്തോളം ഈ ബദൽ ഇടം, ജാതി വിരുദ്ധതയുടെയും സമഭാവന യുടെയും വ്യതിരിക്തതയുടെയും ജനാധിപത്യ ഇടമായിരിക്കും.

*തുടരും...*

*വനിതാപംക്തി*

# വേദപുസ്തകം ഒരു പുനർവായന-6

**ജിജി ജോൺസൺ**

**യേശുവും സ്ത്രീകളും: ശിഷ്യത്വത്തിലേക്ക്**

ശിഷ്യത്വത്തിലേക്കുള്ള വിളി എന്നതിന്റെ അർത്ഥം എന്താണ്? യേശുവിനാൽ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെടുക എന്നതാണ് ഒന്നാമത്തെ മാനദണ്ഡം. ജാതി, വർഗ്ഗ, ലിംഗ വിവേചനങ്ങൾക്കതീതമായി സകലരേയും ഉൾകൊള്ളുന്നതാണ് ഈ വിളി. ദൈവരാജ്യത്തിനുവേണ്ടി സ്വയം ത്യജിക്കുന്നവരും (Mk:8:34), യേശുവിനുവേണ്ടി എല്ലാം ഉപേക്ഷിക്കുന്നവരും (Lk:5:11), മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരും യേശുവിനുവേണ്ടി സ്വന്തം താത്പര്യങ്ങളെ ഉപേക്ഷിക്കുന്നവരുമാണ് (Lk:9:24) യഥാർത്ഥ ശിഷ്യർ. ഇതിനു വിപരീതമായി തന്റെ ശിഷ്യരായിരിപ്പാൻ വിളിക്കപ്പെട്ടവർ ഉപാധികൾ വെക്കുന്നത് യേശു അംഗീകരിക്കുന്നില്ല (Lk:9:59-62).

മർക്കോസും ലൂക്കോസും സ്ത്രീകളുടെ ശുശ്രൂഷകളെ പറ്റി രേഖപ്പെടുത്തിയിരിക്കുന്നതിൽ അല്പം വ്യത്യാസങ്ങളുണ്ടെങ്കിലും ഒരുപോലെ പ്രഖ്യാപിക്കുന്നത്, യേശുവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ആ ബന്ധം യേശുവിനെ അനുഗമിക്കുന്നതിലേക്ക് നയിച്ചെന്നും അവർ യേശുവിന്റെ ശിഷ്യരായി തീർന്നുവെന്നുമാണ്. യേശുവിന്റെ ശുശ്രൂഷയിൽ സ്ത്രീകളുടെ സാന്നിധ്യം ഉണ്ടായിരുന്നുവെന്ന് പ്രസ്താവിക്കുന്നുണ്ടെങ്കിലും അത് വേണ്ടവിധത്തിൽ ശക്തീകരിക്കുന്നുണ്ടോ എന്ന് സംശയമാണ്. സ്ത്രീകളെ അഭിനന്ദിക്കുന്നതിലും അംഗീകരിക്കുന്നതിലും പുരുഷന്മാർ പരാജയപ്പെടുന്നതിന്റെ തെളിവാണിത്. എന്തായിരുന്നാലും ശിഷ്യത്വം യഹൂദന്മാർക്കും പുരുഷന്മാർക്കും മാത്രമായി യേശു പരിമിതപ്പെടുത്തിയിട്ടില്ല.

സ്ത്രീകളേയും, വിജാതീയരേയും ശിഷ്യത്വത്തിലേക്ക് ക്ഷണിച്ചിട്ടുണ്ട് എന്ന വസ്തുത വളരെ പ്രധാനപ്പെട്ടതാണ്.

**ബെഥാന്യയിലെ മറിയം**

യേശുവിന്റെ ശിഷ്യഗണത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വ്യക്തിയാണ് ബെഥാന്യയിലെ മറിയം. മാർത്തയുടേയും ലാസറിന്റെയും സഹോദരിയായ അവൾ ശിഷ്യത്വത്തിന്റെയും ഗുരുഭക്തിയുടേയും പ്രതീകമായി മാത്രമല്ല, യേശുവിനെ മരണ ത്തിനും സംസ്കാരത്തിനും ഒരുക്കമായി അഭിഷേകം ചെയ്ത അതുല്യ വ്യക്തിയുമായിരുന്നു. നല്ലൊരു ശിഷ്യയാവാനുള്ള പ്രധാനപ്പെട്ട ഗുണങ്ങളിലൊന്നാണ് ദൈവവചനം ശ്രവിക്കുകയും പഠിക്കുകയും ചെയ്യുക എന്നത്. ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ സ്വസ്ഥമായി ഏകാഗ്രചിത്ത തയോടെ പാദപീഠത്തിലിരുന്ന് വചനം ഗ്രഹിക്കുന്നതിന് അവൾ ഊന്നൽ നൽകുന്നു. എന്നാൽ ബെഥാന്യയിൽ വച്ച് നടത്തിയ തൈലാഭിഷേകത്തിന്റെ പേരിലാണ് മറിയ ഏറ്റവും കൂടുതൽ അറിയപ്പെടുന്നത്. (Mk:14:3-9; Mathew:26:6-13) ലാണ് ഇപ്രകാരം ഒരു തൈലാഭിഷേകം വിവരിക്കുന്നത്. അവിടെ മറിയയുടെ പേര് പറയുന്നില്ല. ഒരു സ്ത്രീ എന്നെയുള്ളു. എന്നാൽ യോഹന്നാന്റെ വിവരണത്തിലാണ് മറിയ എന്ന പേര് പറയുന്നത്. മൂന്ന് വിവരണങ്ങളിലും ബെഥാന്യയിലെ ഒരു വീട്ടിൽ ഭക്ഷണത്തിനിരിക്കുന്ന യേശുവിനെയാണ് ഒരു സ്ത്രീ വില കൂടിയ പരിമളതൈലം കൊണ്ട് അഭിഷേകം ചെയ്യുന്നത്. മത്തായി, മർക്കോസ് (Mt:26:6-13, Mk:14:3-9) വിവരണങ്ങളിൽ തലയിലൂടെയാണ് തൈലം ഒഴിക്കുന്നതെങ്കിൽ യോഹന്നാനിലാകട്ടെ (Jn:12:1-8) പാദത്തെയാണ് തൈലം കൊണ്ട് അഭിഷേകം ചെയ്തു തലമുടികൊണ്ട് തുടക്കുന്നത്. മൂന്നിടത്തേയും പ്രതികരണം ഒരുപോലെയാണ്. വിലയേറിയ തൈലം ഒഴുക്കി പണം നഷ്ടപ്പെടുത്തുന്നതിലുള്ള പ്രതിഷേധം ഉയരുന്നു. എന്നാൽ യേശുവിന്റെ മറുപടി ശ്രദ്ധേയമാണ്. അവളുടെ പ്രവൃത്തിയെ ന്യായീകരിക്കുക മാത്രമല്ല, തന്റെ ശവസംസ്കാരത്തിനുള്ള ഒരുക്കമായി ശരീരം തൈലം കൊണ്ട് പൂശിയതാണെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. എന്താണ് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം? മത്തായി, മർക്കോസ് വിവരണങ്ങളിൽ പെസഹായുടെ രണ്ടു ദിവസം മുൻപാണ് യേശുവിന്റെ തലയിലൂടെ തൈലം ഒഴിക്കുന്നതായി കാണുന്നത്. തുടർന്ന് വരുന്നത് അന്ത്യ അത്താഴവും പീഡാനുഭവവുമാണ്. സംസ്കാരത്തിനു മുൻപ് വിധി പ്രകാരം മൃത ശരീരത്തിൽ തൈലം പൂശാൻ ശിഷ്യന്മാർക്ക് സാധിച്ചില്ല. അതുകൊണ്ട് ഈ തൈലം പൂശൽ കൂടുതൽ അർത്ഥവത്താകുന്നു. തന്റെ സംസ്കാരത്തിനായ് മുൻകൂട്ടി ചെയ്തതായി യേശു വ്യാഖ്യാനിക്കുകയും ചെയ്യുന്നു. യോഹന്നാന്റെ വിവരണത്തിൽ പെസഹായുടെ ആറ് ദിവസം മുൻപാണ് ഈ സംഭവം. അതിന്റെ തൊട്ടു പിന്നാലെ വരുന്നത് ജറുസലേമിലേക്കുള്ള രാജകീയ പ്രവേശന

മാണ്. അപ്പോൾ യേശുവിനെ രാജാവായി മറിയാം ഒരുക്കുന്നതായിരിക്കാം. രാജാവിനെ അഭിഷിക്തൻ എന്നാണല്ലൊ വേദപുസ്തകം വിശേഷിപ്പിക്കുന്നത്. സാധാരണ രാജാവിനെ അഭിഷേകം ചെയ്യുന്നത് പുരോഹിതനോ പ്രവാചകനോ ആണ്. ആ ദൗത്യമാണ് മറിയാം ഇവിടെ നിർവ്വഹിച്ചത്. യേശുവിന്റെ രാജാഭിഷേകം മരണത്തിലൂടെയാണ് പൂർത്തിയാവുക. 'സുവിശേഷം ലോകത്തിലൊക്കെയും പ്രസംഗിക്കുന്നിടത്തെല്ലാം അവൾ ചെയ്തത് അവളുടെ ഓർമ്മക്കായ് പ്രസ്താവിക്കപ്പെടും' എന്ന യേശുവിന്റെ പ്രസ്താവന, അവളുടെ പ്രവാചക/പൗരോഹിത്യ പ്രവർത്തിയെ അംഗീകരിക്കുകയും ചരിത്രത്തെ മാറ്റിയെഴുതുകയുമാണ് ചെയ്യുന്നത്. മരണത്തിലൂടെ പൂർത്തിയാകുന്ന രാജത്വത്തിലേക്ക് പ്രവേശിക്കാൻ യേശുവിനെ ഒരുക്കിയത് ഒരു സ്ത്രീയാണെന്നത് ശ്രദ്ധേയമാണ്; മഹത്വത്തിലേക്കുള്ള കുരിശിന്റെ വഴിയിലേക്ക് പ്രവേശിക്കാൻ കാനായിലെ കല്യാണവീട്ടിൽ മാതാവ് ഒരുക്കിയത് പോലെ. മറിയാം തന്റെ സർവ്വസ്വവും യേശുവിന്റെ പാദത്തിൽ കമിഴ്ത്തിയപ്പോൾ നഷ്ടപ്പെട്ട തൈലത്തിന്റെ വില കണക്കുകൂട്ടുകയായിരുന്നു പുരുഷ ശിഷ്യന്മാർ.

**ശമര്യസ്ത്രീ: പ്രഥമ സുവിശേഷക**

യേശുവും ശിഷ്യരും യഹൂദർ നിഷിദ്ധമായി കരുതിയിരുന്ന ശമര്യയുടെ അതിർത്തി കടന്നു ചെന്നു. യഹൂദ്യയിൽ നിന്ന് ഗലീലയിലേക്ക് പോകുന്ന യഹൂദ സഞ്ചാരികൾ ശമര്യയിൽ പ്രവേശിക്കാതെ സുദീർഘമായ ഒരു വഴിയാണ് സ്വീകരിച്ചിരുന്നത്. ചുട്ടുപഴുത്ത ആ ഉച്ചനേരത്താണ് ഒരു സ്ത്രീ വെള്ളം കോരുവാൻ എത്തുന്നത്. യേശു തന്നോട് ദാഹജലം ചോദിക്കുന്നത് കേട്ട് ആ സ്ത്രീ ആശ്ചര്യപ്പെടുന്നു. ജാതി, മത, സംസ്കാര, വർഗ്ഗ, ലിംഗങ്ങളുടെ വലിയ വേലി കെട്ടുകളെ ഭേദിച്ചുകൊണ്ടാണ് യേശു അവളുമായി സംഭാഷണം ആരംഭിക്കുന്നത്. പടിപടിയായി ആ സംഭാഷണം ആത്മീയ തലത്തിലും അന്യോന്യ ബന്ധത്തിലുള്ള അറിവും ധാരണയും വർദ്ധിക്കത്തക്കവണ്ണം ഉയരുന്നു. സംവാദം അതിന്റെ ഉച്ചകോടിയിൽ ആകുമ്പോൾ അവൾ മശിഹായുടെ ആഗമനത്തെക്കുറിച്ച് അറിയുവാൻ തത്പരയാകുന്നു. യഹൂദരും ശമര്യരും വളരെ കാലമായി കാത്തിരിക്കുന്ന മശിഹാ താൻ ആകുന്നു എന്ന് യേശു അവൾക്ക് വെളിപ്പെടുത്തി കൊടുക്കുന്നു. (4:26) ലോകരക്ഷകനെ കണ്ടെത്തിയതിലുള്ള സന്തോഷം അവളെ രൂപാന്തരപ്പെടുത്തുന്നുണ്ട്. ഉപേക്ഷിക്കപ്പെട്ട കുടം സൂചിപ്പിക്കുന്നതുപോലെ പഴയ ജീവിത രീതി ഉപേക്ഷിച്ച് അവളുടെ സാക്ഷ്യം മറ്റുള്ളവരെ അറിയിക്കാൻ തക്ക രീതിയിൽ ആത്മധൈര്യമുള്ളവളായി തീർന്നു. ഒരു വലിയ ജനക്കൂട്ടം തന്നെ ശമര്യസ്ത്രീയുടെ സാക്ഷ്യം കേട്ട് യേശുവിന്റെ സമീപം വന്നു. അവളുടെ വിശ്വാസത്തിന്റെ പ്രതികരണമാണ് 'സാക്ഷാൽ ലോകരക്ഷിതാവ് ഇവൻ തന്നെ' എന്ന പരസ്യ പ്രഖ്യാപനത്തിലേക്ക് അവളെ നയിച്ചത്. അങ്ങനെ അവൾ പ്രഥമ സുവിശേഷ പ്രവർത്തകയും യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയും ആയിത്തീർന്നു.

**മഗ്ദലന മറിയാം**

യേശുവിന്റെ അനുയായായികളിൽ ഒരാളായി യേശുവി നൊപ്പം യാത്ര ചെയ്യുകയും കുരിശുമരണത്തിനും ഉയിർപ്പിനും സാക്ഷിയാവുകയും ചെയ്ത സ്ത്രീയാണ് മഗ്ദലന മറിയാം. ഗലീലാ കടലിന്റെ പടിഞ്ഞാറെക്കരയിലെ ഒരു വലിയ പട്ടണമായിരുന്ന മഗ്ദല ആയിരുന്നു അവളുടെ സ്വദേശം. ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു ഇവളുടെ ഏഴ് ദുരാത്മാക്കളെ പുറത്താക്കിയതായി പറയുന്നുണ്ട്. ദുരാത്മാവ് എന്നത് സങ്കീർണ്ണമായ രോഗങ്ങളേയോ ബാധകളേയോ സൂചിപ്പിക്കുന്നതാകാം. പുതിയ നിയമത്തിൽ നാല് സുവിശേഷങ്ങളിലും മഗ്ദലന മറിയാം പ്രത്യക്ഷപ്പെടുന്നുണ്ട്. യേശുവിന്റെ കുരിശ് മരണവും കബറടക്കവും പുനരുത്ഥാനവുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിൽ ഇവളെ കാണാം. തെറ്റായ രീതിയിൽ ചിത്രീകരിക്കപ്പെട്ട ഒരാളാണ് മഗ്ദലന മറിയാം. യേശുവിന്റെ പാദങ്ങളിൽ അഭിഷേകം ചെയ്ത പേരിടാത്ത പാപിനിയായ സ്ത്രീയും (Lk:7:36-50) ലാസറിന്റെ സഹോദരി മറിയവും മഗ്ദലന മറിയവും ഒന്നാണെന്ന രീതിയിലുള്ള പ്രചാരണങ്ങളുണ്ടായിട്ടുണ്ട്.

സുവിശേഷങ്ങളിൽ അതിന് യാതൊരു അടിസ്ഥാനവുമില്ല. 591-ൽ ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പതന്റെ ഈസ്റ്റർ പ്രസംഗത്തിൽ മേൽപ്പറഞ്ഞ വ്യക്തികളെ ഒറ്റ വ്യക്തിയായി അവതരിപ്പിച്ചുകൊണ്ട് നടത്തിയ മാനസാന്തരപ്പെട്ട വേശ്യയാണ് മഗ്ദലന മറിയാം എന്ന പരാമർശം, അത്തരത്തിലുള്ള വിശ്വാസത്തിന് കാരണമായി. പിൽക്കാലത്ത് കത്തോലിക്കാ സഭ അത് തിരുത്തിയെങ്കിലും ഇപ്പോഴും അത് പ്രചരിക്കുന്നുണ്ട്. മലയാളത്തിലെ പ്രസിദ്ധ കവി വള്ളത്തോൾ നാരായണ മേനോൻ എഴുതിയ മഗ്ദലന മറിയാം എന്ന പ്രസിദ്ധ കാവ്യത്തിൽ, മാനസാന്തരം വന്ന കഠിന പാപിയായി അവളെ ചിത്രീകരിച്ചു. ഇവയെല്ലാം അടിസ്ഥാനമില്ലാത്ത വസ്തുതകളാണെങ്കിലും വളരെയധികം പ്രചാരം നേടി. കിഴക്കൻ സഭകൾ ഒരിക്കലും ഈ ചിന്ത

RNI No. KERMAL/2012/46014 | Date of Publication 15/02/2024 | Licence No. KL/CR/ALY/WPP-02/2022-24
Registered. Reg. No. KL/ALY/0067/2022-2024 | Price Rs. 10/- | Licensed to Post Without Pre-payment



അംഗീകരിച്ചില്ല. നിസ്സയിലെ ഗ്രിഗറി മഗ്ദലന മറിയത്തെ പുനരുത്ഥാനത്തിന്റെ സാക്ഷിയായി തിരിച്ചറിയുന്നു. പുനരുത്ഥാന ത്തിനുശേഷം അവൾ മാതാവായ മറിയാമിന്റെ കൂട്ടാളിയായി ജീവിച്ചു എന്നാണ് വിശ്വസിക്കുന്നത്. ഗലീലയിൽ നിന്നുള്ള സ്ത്രീകളെപറ്റിയും യേശുവിനെ അനുഗമിച്ചവരെ പ്പറ്റിയും പ്രതിപാദിക്കുമ്പോൾ മഗ്ദലന മറിയത്തിന്റെ പേരാണ് സുവിശേഷങ്ങളിൽ ആദ്യം കാണുന്നത്. പുതിയ നിയമത്തിലും ഒന്നാം ശതാബ്ദത്തിലെ എഴു ത്തുകളിലും അവളുടെ നേതൃത്വം അംഗീകരിക്കപ്പെട്ടി രുന്നതായി പാരമ്പര്യ വിശ്വാസം സാക്ഷിക്കുന്നു.

ഉയിർപ്പ് ദിവസം രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ സ്ത്രീകൾ കല്ലറക്കൽ ചെന്നിരുന്നതായി നാല് സുവിശേഷകരും ഒരുപോലെ രേഖപ്പെടുത്തുന്നു. യോഹന്നാൻ മഗ്ദലന മറിയത്തിന്റെ സാന്നിധ്യം കൂടുതൽ വിശദീകരിക്കുന്നുണ്ട്. ഈ സന്ദേശം സഹോദരന്മാരോട് അറിയിക്കാൻ കർത്താവ് ആവ ശ്യപ്പെടുന്നുമുണ്ട്. (20:17). എന്നാൽ സ്ത്രീകളുടെ സാക്ഷ്യമൊഴി സ്വീകാര്യമല്ലാത്തതിനാൽ അവർക്ക് അത് കഥപോലെ തോന്നി. (Lk:24:11).

എന്തായിരുന്നാലും പുരുഷന്മാരായ 12 ശിഷ്യ ന്മാരും നിരാകരിച്ചപ്പോഴും സ്ത്രീകളായ ശിഷ്യർ അവരുടെ ജീവനെയൊ സുരക്ഷിതത്വത്തെയോ വകവെക്കാതെ കുരിശിൻ ചുവട്ടിൽ നിലയുറപ്പിച്ചു. യേശുവിനെ പിന്തുടരുമ്പോഴുള്ള വിപത്തിനെ കുറിച്ച് അവബോധം ഉണ്ടായിരുന്നെങ്കിലും ദൂരെ അവനെ നോക്കിക്കൊണ്ടിരുന്നു. ഈ സ്ത്രീകളാണ് യേശു വിന്റെ യഥാർത്ഥ ശിഷ്യർ. യേശുവിന്റെ ശിഷ്യത്വം അധികാരമോ, രാജത്വമോ, ഭരണമോ പ്രദാനം ചെയ്യുന്നതല്ല മറിച്ച് ശുശ്രൂഷയുടേതാണ് (Mk:15:41). പരസ്യ ശുശ്രൂഷയിൽ ഉടനീളം തങ്ങളുടെ സമ്പാദ്യ ങ്ങളും സമർപ്പിച്ച് യേശുവിനെ അനുഗമിച്ച, ക്രൂശീ കരണത്തിനും പുനരുത്ഥാനത്തിനും സാക്ഷികളായ സ്ത്രീകളാണ് യേശുവിന്റെ യഥാർത്ഥ ശിഷ്യർ.

---

*8-ാം പേജ് തുടർച്ച...*

കുട്ടികൾക്കു നേരെയുള്ള ലൈംഗികാതിക്രമ ങ്ങളെ, അതിന് ഇരകളാകുന്നവരുടെ സ്വകാര്യപ്രശ്ന മായി ന്യൂനികരിക്കുന്ന പ്രവണത നമ്മുടെ സാമൂഹ ത്തിൽ വ്യാപകമാണ്. ഇത് തെറ്റും വിപൽക്കരവുമാ ണ്. ലൈംഗിക പീഢനങ്ങൾക്ക് വിധേയരാകുന്നവരും അവരുടെ ബന്ധുക്കളും മാത്രമല്ല ഈ ദുഷ്ടതയുടെ ഇരകൾ-സമൂഹം മുഴുവൻ ഇത്തരം കുറ്റകൃത്യങ്ങളുടെ ഇരകളാണെന്ന് നാം തിരിച്ചറിയണം. ലൈംഗികാതി ക്രമങ്ങൾക്കെതിരെ സാമൂഹ്യബോധവും മന:സാക്ഷി യും ഉണർന്ന് ജാഗ്രത പാലിക്കേണ്ടതുണ്ട്. ഈ പ്രശ്ന ത്തിന്റെ ഗൗരവ സ്വഭാവം മനസ്സിലാക്കാതെ ആലസ്യം പൂണ്ട് നിഷ്ക്രിയമായിരിക്കുന്ന പൊതുസമൂഹത്തെ ഉണർത്തി ജാഗരൂകരാകേണ്ട ഉത്തരവാദിത്വം പൗര സമൂഹവും സന്നദ്ധസംഘടനകളും ഏറ്റെടുക്കണം. അതുപോലെതന്നെ പ്രധാനമാണ് ഇരകൾക്കും അവ രുടെ ബന്ധുക്കൾക്കും നല്കേണ്ട പിന്തുണ. വിവര ണാതിതമായ മാനസിക സംഘർഷങ്ങളിൽ കൂടി കടന്നു പോകുന്ന അവർ ഉപാധികളില്ലാത്ത പിന്തു ണയും ഐക്യദാർഢ്യവും അർഹിക്കുന്നു.

മാത്രമല്ല ഇത്തരം കുറ്റ കൃത്യങ്ങൾ ചെയ്യുന്ന വരെ നിയമത്തിന്റെ പിടിയിൽ എത്തിച്ച്, ഇരകൾക്ക് നീതി ഉറപ്പുവരുത്തണമെങ്കിൽ ശക്തമായ ബഹുജ നാഭിപ്രായത്തിന്റെ സമ്മർദ്ദം ഉണ്ടായേ മതിയാവൂ, ഇതും സന്നദ്ധപ്രവർത്തകരുടെ ഉത്തരവാദിത്വമാണ്.

സാമൂഹ്യബോധമുള്ള ഏതുമലയാളിയേയും ധാർമ്മികരോഷം കൊള്ളിക്കുന്നതാണ് കേരളത്തിലെ ലൈംഗിക കുറ്റകൃത്യങ്ങളുടെ സ്ഥിതി വിവരകണക്കു കൾ. ഈ വിപത്തിനെ പ്രതിരോധിക്കുന്നതിന് നാം ഒരുമിച്ച് അണിനിരക്കേണ്ട സന്ദർഭമാണിത്. ഉത്തിഷ്ഠ ത-ജാഗ്രത!

### മാർത്തോമ്മൻ പൈതൃക സംഗമം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ യുടെ ആഭിമുഖ്യത്തിൽ മാർത്തോമ്മൻ പൈതൃക സംഗമം 2024 ഫെബ്രുവരി 25-ാം തീയതി കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തുന്നു. വി. മാർത്തോമ്മാ ശ്ലീഹാ യുടെ 1950-ാം രക്തസാക്ഷിത്വ വർഷാചരണ സമാ പനവും പരിശുദ്ധ വട്ടശ്ശേരി തിരുമേനിയുടെ ചരമ നവതിയും മലങ്കര സഭാ ഭരണഘടനയുടെ നവതി ആഘോഷവും സംയുക്തമായാണ് നടക്കുന്നത്. 'നമ്മൾ ഒന്ന് പൈതൃകവും ഒന്ന്' എന്ന മുഖ്യചി ന്താവിഷയമാണ് മാർത്തോമ്മൻ പൈതൃക സംഗമം ഉയർത്തുന്നത്. ഈ സംഗമം സഭാംഗ ങ്ങളെ മുഴുവനും ഉൾപ്പെടുത്തി വിപുലമായ ക്രമീ കരണങ്ങളോടെ നടത്തുവാൻ ഉള്ള പരിപാടിക ളാണ് സഭാതലത്തിൽ നടന്നുവരുന്നത്. സഭയുടെ വിവിധ ഇടവകകളിൽ നിന്നും വൈദികരും വിശ്വാസി സഹസ്രങ്ങളും യോഗത്തിൽ പങ്കെ ടുക്കും.

Printed and published by Fr. Abraham Karamel, Secretary, Kandand East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426